VOL NO: 04 | ISSUE 24
www.nerpatham.com
mail@nerpatham.com

2020 JUNE 13 | ₹12

# നേർപഥം

വാരിക



# കറുത്തവന്റെ കൈപിടിച്ചുയർത്തിയ ഇസ്‌ലാം

വംശീയതയുടെ വിഷപ്പുക കൊണ്ട് അമേരിക്കൻ മനസ്സും, അതിനെതിരെയുള്ള പ്രതിഷേധച്ചൂട് കൊണ്ട് തെരുവും ഘനീഭവിച്ചിരിക്കുകയാണ്. ജാതി-മത-വർണങ്ങൾക്കതീതമായി മനുഷ്യനെ പരിഗണിക്കാൻ ദൈവികനിയമങ്ങൾക്ക് മാത്രമെ കഴിയൂ എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ഇസ്‌ലാം. ഭൗതിക പ്രത്യയശാസ്ത്രങ്ങൾ ഈ രംഗത്ത് എത്രമാത്രം പരാജയമാണെന്നതിന്റെ ഉദാഹരണമാണ് അമേരിക്കൻ സാമൂഹിക വ്യവസ്ഥ.

**നവ വിദ്യാർഥിത്വം**
**ആരവമൊഴിഞ്ഞ വിദ്യാലയങ്ങൾ**
**ജനസംഖ്യ, സാമ്രാജ്യത്വം, ഇസ്‌ലാം**
**ഇബ്നു അബ്ദിൽ വഹാബ്: ആരോപണങ്ങളുടെ നിജസ്ഥിതിയെന്ത്?**

## പാലക്കാട് നിന്ന് മലപ്പുറത്തേക്ക് ചരിഞ്ഞ ആന!

പാലക്കാട് ജില്ലയിൽ, സ്ഫോടകവസ്തു നിറച്ച പൈനാപ്പിൾ ഭക്ഷിച്ച് ചരിഞ്ഞ ആനയുമായി ബന്ധപ്പെട്ട് മേനകാ ഗാന്ധി നടത്തിയ വിവാദ പരാമർശവും അത് ഏറ്റുപിടിച്ച് വർഗീയത വളർത്താൻ ശ്രമിച്ച സംഘ്പരിവാർ പ്രഭൃതികളും ചെയ്യുന്നത് പുകഴ്പെറ്റ മലപ്പുറം പെരുമയെ ഇകഴ്ത്തുക മാത്രമല്ല, മനുഷ്യ മനസ്സിൽ വിള്ളൽ വീഴ്ത്തുക കൂടിയാണ്.

## രജിസ്ട്രേഷൻ പുനരാരംഭിച്ചു

جامعة الهند الإسلامية
School Of Qur'an

"നന്മയുടെ വഴിയിൽ നാളേക്ക് വേണ്ടി"

# സ്കൂൾ ഓഫ് ഖുർആൻ



ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!
ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്ന വിദ്യാർഥികൾക്ക് പ്രവേശം


അപേക്ഷകർ, QR കോഡ് സ്കാൻ ചെയ്തോ, www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്നോ ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

### സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഓഡിയോ - വിഷ്വൽ ക്ലാസ് റൂമുകൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്‌വെയറുകൾ
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ, നിരന്തര - കേന്ദ്രീകൃത മൂല്യനിർണയം

കാസറഗോഡ്: 8089192273 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931
വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9946274831
തിരൂർ: 9633099992 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9048869220 | ആറ്റിങ്ങൽ: 9497714521
പരപ്പനങ്ങാടി: 9544924596 | എടത്തനാട്ടുകര: 9495467259 | തോട്ടശ്ശേരിയറ: 8606600555
കൊല്ലം: 9447041468 | കോയമ്പത്തൂർ: 9080475224 | ആലപ്പുഴ: 9895629378
കൊടുവായൂർ: 9746293949 | കൊല്ലായിൽ: 9946940906 | എടക്കര: 6235446007 | കോട്ടയം: 9447827232

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus | Mini Ootty | Oorakam
Malappuram | Kerala | PIN 676519 | www.schoolofquran.in | info@schoolofquran.in



# നേർപഥം
വാരിക

നേർപഥം വാരിക / 0178 / 2020 ജൂൺ 13/ 1441 ശവ്വാൽ 21 / പുസ്തകം 04 / ലക്കം 24

## കറുത്തവന്റെ കൈപിടിച്ചുയർത്തിയ ഇസ്‌ലാം

ഡോ.സബീൽ പട്ടാമ്പി / 10

**മുഖമൊഴി**

പാലക്കാടുനിന്ന്
മലപ്പുറത്തേക്ക് ചരിഞ്ഞ ആന! / 05

**ലേഖനം**

ഇബ്നു അബ്ദിൽ വഹാബും ആരോപണങ്ങളും / 6
റൈഹാൻ അബ്ദുൽ ഷഹീദ്

ക്ഷമ / 16
അബ്ദുൽ ജബ്ബാർ മദീനി

ജനസംഖ്യ, സാമ്രാജ്യത്വം, ഇസ്‌ലാം / 19
ഹിലാൽ സലീം സി.പി

നവ വിദ്യാർഥിത്വം / 24
അൻഷാദ് ഇബ്നു യഅ്ക്കൂബ്

കുഞ്ഞ് ജനിച്ചാൽ / 26
ശമീർ മദീനി

**ഹദീസ് പാഠം**

വിശ്വാസത്തിന്റെ കരുത്ത് / 25
അബൂഫായിദ

**നമുക്ക് ചുറ്റും**

ആരവമൊഴിഞ്ഞ വിദ്യാലയങ്ങൾ / 29
വി.ടി അബ്ദുസ്സലാം

**ക്വുർആൻ ദർശനം**

തഗാബുൻ (നഷ്ടം വെളിപ്പെടൽ) / 30
അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

**കവിത**

പുറപ്പാട് / 34
ഉസ്മാൻ പാലക്കാഴി

അറിയിപ്പ്: കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ മാഗസിൻ ഓൺലൈനായി മാത്രം പുറത്തിറക്കുകയാണ്. വായനക്കാർ സഹകരിക്കുമല്ലോ.

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# പള്ളിതുറക്കൽ: മുഖ്യമന്ത്രി മുസ്‌ലിം നേതാക്കളുമായി ചർച്ച നടത്തി

കേന്ദ്ര സർക്കാർ ജൂൺ എട്ടിന് ശേഷം ആരാധനാലയങ്ങൾ തുറക്കാൻ ധാരണയായ പശ്ചാതലത്തിൽ പള്ളി തുറക്കുമ്പോൾ പാലിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് മുഖ്യമന്ത്രി മുസ്‌ലിം സംഘടനാ നേതാക്കളുമായി വീഡിയോ കോൺഫറൻസ് വഴി ചർച്ച നടത്തി. റമദാനിന്റെ തുടക്കത്തിലും പെരുന്നാളിനോടനുബന്ധിച്ചും ഇതിന്റെ മുമ്പ് ചർച്ച നടത്തിയിരുന്നു. ആരാധനാലയങ്ങൾ തുറന്ന കാരണത്താൽ കോവിഡിന്റെ സാമൂഹ്യവ്യാപനം ഉണ്ടാകാൻ പാടില്ലെന്നും ജനങ്ങളുടെ ജീവന് ദോഷകരമായ യാതൊരു നീക്കവും മതം അനുവദിക്കാത്തതിനാൽ പള്ളികളിൽ നിലവിലുള്ള അവസ്ഥ തന്നെ തുടരട്ടെയെന്നുമാണ് മുമ്പ് നടന്ന രണ്ട് യോഗത്തിലും നേതാക്കൾ ഒറ്റക്കെട്ടായി അഭിപ്രായപ്പെട്ടത്. ഇസ്‌ലാമിന്റെ പ്രായോഗികതയും നിത്യപ്രസക്തിയും മാലോകർക്ക് കൂടുതൽ ബോധ്യപ്പെട്ട ഘട്ടവുമായിരുന്നു അത്. മുഖ്യമന്ത്രി പത്ര സമ്മേളനത്തിലൂടെ ഈ നിലപാടിനെ പ്രത്യേകം പ്രശംസിക്കുകയും ചെയ്തിരുന്നു.

ദീർഘകാലം ജനജീവിതം സതംഭിപ്പിച്ചുകൊണ്ട് മുന്നോട്ട് പോകാനാവില്ലെന്നാണ് പുതിയ കാഴ്ചപ്പാട്. ലോക്ഡൗൺ കാലത്ത് പരിശീലിച്ച പ്രതിരോധ മാർഗങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കോവിഡിനോടൊപ്പം ജീവിക്കുകയാണ് പ്രായോഗികമെന്നും ലോകം തിരിച്ചറിഞ്ഞിരിക്കുന്നു.

ഇതിനെത്തുടർന്ന് ലോക്ഡൗണിൽ ഇളവ് വരുത്തുകയും ആരാധനാലയങ്ങൾ നിബന്ധനകളോടെ തുറക്കാൻ കേന്ദ്രം അനുമതി നൽകുകയും ചെയ്ത സാഹചര്യത്തിൽ മാത്രമാണ് പള്ളികൾ തുറക്കുന്നതിനെക്കുറിച്ച് മുസ്‌ലിം സംഘടനകൾ ചർച്ച ചെയ്തിട്ടുള്ളത്.

ആരുടെയും സമ്മർദത്തിന് വിധേയമായിട്ടല്ല പള്ളികളിൽ പൊതുജന വിലക്കേർപ്പെടുത്തിയത്. അതുപോലെതന്നെ ഇപ്പോൾ സർക്കാറുകളെ സമ്മർദത്തിലാക്കി കൊണ്ടുമല്ല തുറന്നു പ്രവർത്തിക്കാനുള്ള തീരുമാനം ഉണ്ടായിട്ടുള്ളതും.

ആരാധന വ്യക്തിപരമായ അവകാശമായിരിക്കെ സാമൂഹ്യസുരക്ഷയുടെ ഭാഗമായി ചില നിയന്ത്രണങ്ങളും വേണ്ടിവരുമെന്ന് മുഖ്യമന്ത്രി ആമുഖ സംസാരത്തിൽ ഉണർത്തി. സുപ്രധാനമായ ചില മുൻകരുതലുകൾ ചർച്ചക്കായി മുന്നോട്ട് വെക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ഓരോ സംഘടനയെയും പ്രതിനിധീകരിച്ചു കൊണ്ട് നേതാക്കൾ വിശദമായ ചർച്ചയും നടത്തി.

ചർച്ചയിൽ ഉരുത്തിരിഞ്ഞ മാർഗനിർദേശങ്ങൾ കേന്ദ്ര സർക്കാറിന് സമർപ്പിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ജൂൺ എട്ടിന് കേന്ദ്രം പുറപ്പെടുവിക്കുന്ന മാർഗനിർദേശങ്ങൾക്ക് ശേഷം പള്ളി തുറക്കുന്നത് സംബന്ധിച്ച തീരുമാനം പ്രഖ്യാപിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

മന്ത്രി കെ.ടി ജലീൽ, പ്രൊഫ: ആലിക്കുട്ടി മുസ്‌ലിയാർ, കാന്തപുരം അബൂബക്കർ മുസ്‌ലിയാർ, ടി.പി അബ്ദുല്ലക്കോയ മദനി, ശൈഖ് മുഹമ്മദ് കാരക്കുന്ന്, ടി.കെ അശ്‌റഫ്, തൊടിയൂർ കുഞ്ഞിമുഹമ്മദ് മൗലവി, അബ്ദുലത്തീഫ് കരുമ്പിലാക്കൽ, ആരിഫ് ഹാജി, ഡോ. ഫസൽ ഗഫൂർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# പാലക്കാടുനിന്ന് മലപ്പുറത്തേക്ക് ചരിഞ്ഞ ആന!

ഇന്ത്യയിൽ കോവിഡ് 19 ബാധിച്ച് മരണപ്പെട്ടവരുടെ എണ്ണം 6000 കവിഞ്ഞു. അന്യസംസ്ഥാനത്ത് തൊഴിലെടുക്കുന്നതിനിടയിൽ ലോക്ക്ഡൗൺ പ്രഖ്യാപിക്കപ്പെട്ടതിനാൽ സ്വന്തം നാട്ടിലേക്ക് നൂറുകണക്കിന് കിലോമീറ്ററുകൾ നടന്ന് പോകുന്നതിനിടയിൽ രോഗംബാധിച്ചും വിശപ്പും ദാഹവും സഹിക്കാതെയും തളർന്നുവീണ് മരിച്ചവരുടെ എണ്ണം മുന്നൂറിനടുത്താണ്. ഡൽഹിയിലും യുപിയിലും ഈയിടെ നടന്ന ആസൂത്രിത കലാപങ്ങളിൽ ന്യൂനപക്ഷ സമുദായത്തിനുണ്ടായ നഷ്ടം വിവരണാതീതമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ പശുവിന്റെ പേരിൽ എത്രയോ പേർ അതിക്രൂരമായി കൊല ചെയ്യപ്പെട്ടു. പല എഴുത്തുകാരും സാമൂഹ്യപ്രവർത്തകരും വധിക്കപ്പെട്ടു. ഇതിന്റെയൊന്നും പേരിൽ ദുഃഖം പ്രകടിപ്പിച്ച് രംഗത്തുവരാത്ത, ഒരു പത്രപ്രസ്താവന പോലും നടത്താത്ത ചില നേതാക്കൾ ഇന്നിതാ ഒരു ആന ചരിഞ്ഞതിന്റെ പേരിൽ അടക്കാനാവാത്ത സങ്കടവുമായി മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. അതിന്റെ മുൻപന്തിയിലുള്ളത് മുൻകേന്ദ്ര മന്ത്രിയും എം.പിയുമായ മേനക ഗാന്ധിയാണ്.

ഗർഭിണിയായ ഒരു ആന സ്ഫോടക വസ്തു നിറച്ച പൈനാപ്പിൾ തിന്നപ്പോൾ പൊട്ടിത്തെറിച്ചു മേൽത്താടിയും കീഴ്ത്താടിയും തകർന്നു ഭക്ഷണം കഴിക്കാനാവാതെ പുഴയിലിറങ്ങി നിൽക്കുകയും ഒടുവിൽ ചരിയുകയും ചെയ്ത സംഭവം ഖേദകരമാണ്. എന്നാൽ ഈ സംഭവത്തെ വർഗീയമായി ദുരുപയോഗം ചെയ്യുവാൻ കേന്ദ്ര മന്ത്രിയായ പ്രകാശ് ജാവഡേക്കറും സുൽത്താൻപൂർ എം.പിയായ മേനക ഗാന്ധിയുമൊക്കെ ശ്രമിച്ചത് അങ്ങേയറ്റം അപലപനീയമാണ്. ആന ചരിഞ്ഞ സംഭവം കൊലപാതകമാണെന്നു വിശേഷിപ്പിച്ച മേനകഗാന്ധി പറഞ്ഞത് ഇതു നടന്നത് മലപ്പുറം ജില്ലയിലാണെന്നും ഇന്ത്യയിൽ ഏറ്റവും കൂടുതൽ അക്രമങ്ങൾ നടക്കുന്ന സ്ഥലമാണതെന്നും അവിടെ ദിവസവും മനുഷ്യരെയും മൃഗങ്ങളെയും കൊല്ലുകയാണെന്നുമാണ്. വാസ്തവത്തിൽ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ നടന്ന സംഭവമാണിത്. അതിനെ ചില ദേശീയ മാധ്യമങ്ങൾ മലപ്പുറത്തു നടന്ന സംഭവമായി റിപ്പോർട്ടു ചെയ്തു. പാലക്കാട് ജില്ലയിലാണ് സംഭവം നടന്നതെന്ന് കേരള സർക്കാർ ഔദ്യോഗികമായി പ്രഖ്യാപിച്ചപ്പോൾ മാധ്യമങ്ങൾ തിരുത്തിപ്പറഞ്ഞതായാണ് വിവരം. എന്നാൽ മേനക ഗാന്ധി തിരുത്താൻ തയ്യാറായില്ലെന്നു മാത്രമല്ല വീണ്ടും ഒരു ചാനൽ ചർച്ചയിൽ കേരളത്തെ പൊതുവായും മലപ്പുറത്തെ പ്രത്യേകമായും കടന്നാക്രമിക്കുന്ന രൂപത്തിലാണ് സംസാരിച്ചത്.


“അവിടുത്തെ പഞ്ചായത്ത് ഭരണാധികാരികൾ ആനകളെ മാത്രമല്ല പക്ഷികളെയും മറ്റു മൃഗങ്ങളെയും വിഷംവച്ചു ദിവസവും കൊല്ലുന്നു. എന്നും കൊലപാതകങ്ങൾ നടക്കുന്നു. ഏറ്റവുമധികം സ്ത്രീകളെ കൊല്ലുന്ന സ്ഥലമാണ്. ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ കലാപം നടക്കുന്നു. വളരെ ഭയാനകമായ സ്ഥിതിയാണു മലപ്പുറത്ത്. കേരളത്തിലെ സർക്കാരിന് അവരെ പേടിയാണ്. ഏറ്റവും ദുർബലരായ ഉദ്യോഗസ്ഥരെയാണ് അവിടേക്ക് അയക്കുന്നത്. കേരളത്തിൽ ഓരോ വർഷവും അറുന്നൂറിടത്ത് ആനകളെ കൊല്ലുന്നു. ഓരോ ദിവസവും ഒരു ആന ചരിയുന്നു...” ഇങ്ങനെ പോകുന്നു മേനകയുടെ വിഷംപുരണ്ട വാക്കുകൾ.

മലപ്പുറം എന്ന ഹാഷ്ടാഗിൽ കേരളത്തിലെ ഒരു തീവ്ര ഹിന്ദുത്വ വക്താവ് ആന ചരിഞ്ഞ സംഭവം ട്വീറ്റ് ചെയ്തതും വിവാദമായിട്ടുണ്ട്. പാലക്കാട് ജില്ലക്കാരനായ അദ്ദേഹത്തിന് മണ്ണാർക്കാട് താലൂക്കിലെ തിരുവിഴാംകുന്ന് എവിടെയാണെന്ന് അറിയില്ല എന്ന് വിചാരിക്കാൻ കഴിയില്ല. പാലക്കാട് ജില്ലയിലാണെങ്കിലും മലപ്പുറം ജില്ലയുടെ അതിർത്തി പ്രദേശമാണല്ലോ എന്നൊക്കെ പറഞ്ഞ് പിടിച്ചുനിൽക്കാൻ ശ്രമിക്കുന്ന അദ്ദേഹം മലപ്പുറം എന്നത് മാറ്റാൻ തയ്യാറുമില്ല!

മറ്റു സംസ്ഥാനങ്ങളിൽ നടക്കുന്ന ന്യൂനപക്ഷ നരനായാട്ടുകൾ കാണാൻ കണ്ണില്ലാത്ത ഈ നേതാക്കൾ വിവിധ ജാതി, മത വിഭാഗങ്ങൾ ഒത്തൊരുമയോടെ ജീവിക്കുന്ന മാതൃകായോഗ്യമായ മലപ്പുറം ജില്ലയെ കലാപഭൂമിയെന്ന് മുദ്രകുത്താൻ ശ്രമിക്കുന്നതിനു പിന്നിലെ ചേതോവികാരം മലയാളികൾക്ക് മനസ്സിലാക്കാൻ പ്രയാസമില്ല. എത്ര മേനകമാർ തലകുത്തി മറിഞ്ഞാലും കേരളത്തിൽ അവരുടെ വർഗീയ അജണ്ടകൾ വിജയിക്കാൻ പോകുന്നില്ല എന്നാണ് പറയാനുള്ളത്.

റൈഹാൻ അബ്ദുൽ ഷഹീദ്
mail@nerpatham.com

ലേഖനം



# ഇബ്നു അബ്ദിൽ വഹാബ്: ആരോപണങ്ങളുടെ നിജസ്ഥിതിയെന്ത്?

മുഹമ്മദ്ബിൻ അബ്ദിൽവഹാബ്(റഹി). ആ പേര് കേൾക്കാത്തവർ വളരെ വിരളമായിരിക്കും. ക്രിസ്താബ്ദം പതിനെട്ടാം നൂറ്റാണ്ടിൽ മതപ്രബോധനരംഗത്ത് മുസ്‌ലിം ലോകം കണ്ട ഏറ്റവും വലിയ നവോത്ഥാന നായകൻ.

പ്രവാചക ചര്യയും മുൻഗാമികളുടെ മാർഗവും അണപ്പല്ല് ചേർത്ത് കടിച്ചു പിടിച്ചിരുന്ന സലഫുകൾക്ക് ശേഷം വീണ്ടും മുസ്‌ലിം സമൂഹം മൻഹജിൽ നിന്ന് മാർഗഭ്രംശം സംഭവിച്ച് ജാഹിലിയ്യത്തിലേക്ക് തെന്നിയ ദുരവസ്ഥ സംജാതമായി. ഇസ്‌ലാമിന്റെ വിശ്വാസ, ആചാര സംബന്ധമായ മേഖലകളിൽ നവീനമായ വാദങ്ങളുമായി പൗരോഹിത്യം ചൂഷണം ചെയ്യാൻ തുടങ്ങി. അല്ലാഹു ഉദ്ദേശിക്കുന്ന ഘട്ടങ്ങളിൽ സത്യത്തിന്റെ ദീപശിഖയേന്തി പരിഷ്‌കർത്താക്കൾ ഉയർന്നുവന്നിട്ടുണ്ട്. ആ പരിഷ്‌കർത്താക്കളെല്ലാം ഒരേ സ്വരത്തിൽ പ്രഖ്യാപിച്ച ഒരു അടിസ്ഥാനപരമായ കാര്യമുണ്ടായിരുന്നു. പ്രവാചകനിൽ നിന്ന് ഇസ്‌ലാമിനെ പൂർണമായും ഉൾക്കൊണ്ട് സ്വഹാബത്തും അവരിൽ നിന്ന് ഇസ്‌ലാമിനെ പഠിച്ച മുസ്‌ലിംകളും ജീവിച്ച മാർഗങ്ങൾക്കപ്പുറം മറ്റൊന്നും മതത്തിൽ കൊണ്ടുവരാൻ പാടില്ല എന്നതാണ് അത്.

എന്നാൽ പുരോഹിതന്മാരും അവരുടെ അനുയായികളും നവോത്ഥാന നായകന്മാരെ പുത്തൻ പ്രസ്ഥാനക്കാർ എന്ന് വിളിച്ചാക്ഷേപിച്ചു. അവർ കഴിയുംവിധം ഇവരെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തിരുന്നു. മുഹമ്മദ്ബ്നു അബ്ദിൽ വഹാബിന്റെ കാര്യത്തിലും ഇതൊക്കെത്തന്നെയായിരുന്നു സംഭവിച്ചത്. കഴിഞ്ഞ നൂറ്റാണ്ടിൽ കേരളത്തിലെ മുസ്‌ലിം പുരോഹിതന്മാർ പാടി പ്രചരിപ്പിച്ചിരുന്ന ചില വരികൾ നമ്മക്ക് ഇങ്ങനെ വായിക്കാം:

'നജ്ദിലെ ശൈത്വാൻ അറിവുണ്ടാ
വടിവിഴുങ്ങീട്ട് കഥകണ്ടാ
വിഡ്ഢിത്തങ്ങൾ വളരേണ്ടാ
വഹാബികളെ തുടരേണ്ടാ.'

പ്രാർഥന അല്ലാഹുവിനോട് മാത്രമെ പാടുള്ളു എന്നും മാലകളിലും മൗലിദ് കിതാബുകളിലും മറ്റും അല്ലാഹുവല്ലാത്തവരോടുള്ള പ്രാർഥനകൾ ഉൾക്കൊള്ളുന്നുണ്ടെന്നും സലഫി പ്രസ്ഥാനം സമൂഹത്തെ ബോധ്യപ്പെടുത്താനിറങ്ങിയപ്പോൾ പിടിച്ചുനിൽക്കാൻ മറ്റൊരു മാർഗവുമില്ലെന്ന് ബോധ്യമായ പുരോഹിതർ അഴിച്ചുവിട്ട പ്രചാരണങ്ങളിൽ ഒന്നാണ് നാം മുകളിൽ വായിച്ചത്.

മഹാനായ മുഹമ്മദ് ഇബ്നു അബ്ദിൽ വഹാബി (റഹി)നെ കുറിച്ചുള്ള ഗുരുതരമായ ഒരാരോപണമാണ് 'നജ്ദിൽ നിന്നാണ് പിശാചിന്റെ കൊമ്പ് പ്രത്യക്ഷപ്പെടുക' എന്ന നബിﷺ വചനത്തിലെ 'പിശാചിന്റെ കൊമ്പ്' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മുഹമ്മദ്ബ്നു അബ്ദിൽ വഹാബിനെയാണ് എന്നത്. പതിനാലു നൂറ്റാണ്ടിനിടയിൽ ആധികാരിക പണ്ഡിതൻമാരിൽ ഒരാൾ പോലും വിശദീകരിക്കാത്ത രൂപത്തിൽ ഹദീഥിനെ ദുർവ്യാഖ്യാനിച്ചിട്ടാണ് പുരോഹിതന്മാർ തങ്ങളുടെ പിഴച്ചവാദത്തിന് കഴമ്പുണ്ടാക്കാൻ നോക്കുന്നത്.

ഇത് പറയുമ്പോൾ ഒരു ചരിത്രമാണ് ഓർമ വരുന്നത്. ബഹുമാന്യ പണ്ഡിതൻ കെ. ഉമർ മൗലവി മിഅ്റാജ് നോമ്പ് സുന്നത്തില്ലെന്ന് പറഞ്ഞപ്പോൾ ഒരാൾ പറഞ്ഞു: 'പൊന്നാനിക്കാരൻ ഒരു മുസ്‌ലിയാർ നൂറു പേജുള്ള ഒരു പുസ്തകമെഴുതിയിട്ടുണ്ടല്ലോ അത് സുന്നത്താണെന്ന് തെളിയിച്ചുകൊണ്ട്.' ഉടനെ ഉമർ മൗലവിയുടെ മറുപടി: 'അപ്പോൾ തന്നെ മനസ്സിലാക്കാമല്ലോ ഇല്ലാത്ത കാര്യത്തിൽ തെളിവുണ്ടാക്കുകയാണെന്ന്. അല്ലെങ്കിലെന്തിനാ നൂറ് പേജുള്ള പുസ്തകം? ആയത്തോ ഹദീഥോ ഉണ്ടെങ്കിൽ അത് പറഞ്ഞാൽ പോരേ?'

നജ്ദിൽ നിന്ന് ഉത്ഭവിക്കുന്ന പിശാചിന്റെ കൊമ്പുകൊണ്ട് ഉദ്ദേശം മുഹമ്മദ്ബ്നു അബ്ദിൽ വഹാബാണ് എന്ന വാദത്തിന്റെ അവസ്ഥയും ഇതുതന്നെയാണ്. ഇത് സമർഥിക്കാൻ ഇവർക്ക് ആകെയുള്ള ഞൊണ്ടിന്യായം അദ്ദേഹത്തിന്റെ നാടിന്റെ പേര് നജ്ദ് എന്നായിപ്പോയി എന്നത് മാത്രമാണ്. നജ്ദ് എന്ന് പേരുള്ള നാടുകളെല്ലാം ശപിക്കപ്പെട്ടതാണെങ്കിൽ എത്ര പ്രദേശങ്ങൾ ആ ഗണത്തിൽ ഇവർക്ക് ഉൾപ്പെടുത്തേണ്ടിവരും! രാജ്യങ്ങളെ കുറിച്ച് വിശാലമായി പ്രതിപാദിക്കുന്ന വിശ്വപ്രസിദ്ധ ഗ്രന്ഥമാണ് യാകൂത്ത് അൽഹമാവി രചിച്ച 'മുഅ്ജമുൽ ബുൽദാൻ.' അതിൽ നമുക്ക് ഇപ്രകാരം കാണാം: 'അറേബ്യയിൽ തന്നെ ധാരാളം നജ്ദുകൾ. അതിൽ പെട്ടതാണ് യമാമയിലെ ഒരു താഴ്‌വരയായ നജ്ദുൽ ബർഖ്, നജ്ദുൽഖാൽ തുടങ്ങിയവ...' ധാരാളമുള്ളതിൽ നിന്ന് പന്ത്രണ്ടെണ്ണം മാത്രം അദ്ദേഹം പ്രസ്തുത ഗ്രന്ഥത്തിൽ എടുത്തു കൊടുത്തതായി കാണാം. ഈ നജ്ദുകളെല്ലാം ശപിക്കപ്പെട്ട സ്ഥലങ്ങളാണെന്നും അവിടെ നിന്നെല്ലാം പിശാചിന്റെ കൊമ്പ് പ്രത്യക്ഷപ്പെടുമെന്നും ആരും ഏതായാലും പറയില്ല. എങ്കിൽ പിന്നെ ഈ നജ്ദുകളിൽ ഏതിനെ കുറിച്ചാണ് നബിﷺ അങ്ങനെ പ്രവചിച്ചത്? ആ പ്രവചനത്തിലൂടെ അദ്ദേഹം ഉദ്ദേശിച്ച നജ്ദിൽ തന്നെയാണോ മുഹമ്മദ്ബ്നു അബ്ദിൽവഹാബ് ജനിച്ചത്? ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളും അതിന് മുൻഗാമികൾ നൽകിയ വ്യാഖ്യാനങ്ങളും നമുക്ക് പരിശോധിക്കാം:

ഇമാം ബുഖാരി(റഹി) തന്റെ സ്വഹീഹുൽ ബുഖാരിയിൽ (ഹദീഥ് 7092, 7093 നമ്പറുകളായി) റിപ്പോർട്ട് ചെയ്യുന്നു: ഇബ്നു ഉമറി(റ)ൽ നിന്ന് നിവേദനം: "നബിﷺ കിഴക്കുഭാഗത്തേക്ക് തിരിഞ്ഞു നിന്നുകൊണ്ട് പറയുന്നതായി ഞാൻ കേട്ടു: 'അറിയണേ, കുഴപ്പങ്ങൾ ഇവിടെ നിന്നാകുന്നു. അതായത്, പിശാചിന്റെ കൊമ്പ് പ്രത്യക്ഷപ്പെടുന്നിടത്തു നിന്ന്.'

ബുഖാരിയിലെ തന്നെ മറ്റൊരു ഹദീഥ് (നമ്പർ 7094) ഇപ്രകാരമാണ്: ഇബ്നു ഉമറി(റ)ൽനിന്ന് നിവേദനം: നബിﷺ പറഞ്ഞു: "അല്ലാഹുവേ, ഞങ്ങൾക്ക് ഞങ്ങളുടെ ശാമിൽ നീ അനുഗ്രഹം ചെയ്യേണമേ. അല്ലാഹുവേ, ഞങ്ങളുടെ യമനിൽ നീ ഞങ്ങൾക്ക് അനുഗ്രഹം ചെയ്യേണമേ.' സ്വഹാബികൾ പറഞ്ഞു: 'നബിയേ, ഞങ്ങളുടെ നജ്ദിലും.' നബിﷺ പറഞ്ഞു: 'അല്ലാഹുവേ, ഞങ്ങളുടെ ശാമിൽ നീ ഞങ്ങൾക്ക് അനുഗ്രഹം ചെയ്യേണമേ, ഞങ്ങളുടെ യമനിൽ ഞങ്ങൾക്ക് നീ അ

നുഗ്രഹം ചെയ്യേണമേ.' അവർ പറഞ്ഞു: 'പ്രവാചകരേ, ഞങ്ങളുടെ നജ്ദിലും.' മൂന്നാമത്തെ തവണയാണെന്ന് തോന്നുന്നു; നബിﷺ ഇപ്രകാരം പറഞ്ഞു: 'അവിടെയാണ് ഭൂമികുലുക്കങ്ങളും കുഴപ്പങ്ങളും; അവിടെയാണ് പിശാചിന്റെ കൊമ്പ് പ്രത്യക്ഷപ്പെടലും.'

സ്വഹീഹുൽ ബുഖാരിയിൽ ഇതേ ഹദീഥ് തന്നെ ആവർത്തിച്ചുവന്നതായി (3279, 3511) കാണാം. മാത്രമല്ല, സ്വഹീഹ് മുസ്‌ലിമിലും (5167, 5169, 5171, 5172), ഇമാം അഹ്മദ്(റഹി) തന്റെ മുസ്നദിലും (4738, 5152, 5401, 5758, 5968, 6020), ഇമാം മാലിക്(റഹി) തന്റെ മുവത്വയിലും (1544) ഇതേ ഹദീഥ് നൽകിയതായി കാണാവുന്നതാണ്. പദപ്രയോഗങ്ങളിൽ ചെറിയ വ്യത്യാസങ്ങൾ കാണാം. ഈ റിപ്പോർട്ടുകളിൽ എല്ലാം തന്നെ നബിﷺ കിഴക്കുഭാഗത്തേക്ക് തിരിഞ്ഞുകൊണ്ടാണ് ഇത് പറയുന്നത് എന്ന് വ്യക്തമാണ്. മാത്രവുമല്ല, എല്ലാ കുഴപ്പങ്ങളുടെയും കേന്ദ്രമാണ് കിഴക്കൻ ഭാഗമെന്ന് മറ്റു ധാരാളം ഹദീഥുകളിലും കാണാവുന്നതാണ്.

"കുഫ്റിന്റെ കേന്ദ്രം കിഴക്ക് ഭാഗമാകുന്നു" (ബുഖാരി 3501, മുസ്‌ലിം 75). ഈ രൂപത്തിലുള്ള ഹദീഥുകൾ ഹദീഥ് ഗ്രന്ഥങ്ങളിൽ ധാരാളം വന്നതായി കാണാം.

അപ്പോൾ അടുത്ത ചോദ്യം; എങ്കിൽ ഏതാണ് ഈ കിഴക്കുഭാഗം? ഒരു ഭൂപടം മാത്രം മതിയല്ലോ ഇതിന് ഉത്തരം കണ്ടുപിടിക്കാൻ. നബിﷺ മദീനയിൽനിന്നാണ് ഇത് പറയുന്നത്. പറഞ്ഞത് അവിടുത്തെ മിമ്പറിൽവച്ച് എന്നും മിമ്പറിന്റെ സമീപത്തുവച്ച് എന്നുമൊക്കെ ഹദീഥിൽ വന്നിട്ടുണ്ട് (ബുഖാരി 3511, അഹ്മദ് 5758, 5968). മദീനയിലെ കിഴക്കുഭാഗമെന്നത് കൂഫാ, ബാഗ്ദാദ്, ബസ്വറ എന്നിവ ഉൾകൊള്ളുന്ന ഇറാഖ് ആണ് എന്നത് ഭൂപടത്തിൽ നിന്നുതന്നെ വളരെ വ്യക്തമാണ്. ഹദീഥുകളും ഇക്കാര്യങ്ങൾ വ്യക്തമാക്കിത്തരുന്നത് കാണാം. ഇമാം മുസ്‌ലിം(റഹി) തന്റെ സ്വഹീഹിൽ റിപ്പോർട്ട് ചെയ്ത ഒരു ഹദീഥ് (7297) ഇപ്രകാരമാണ്:

സാലിം ഇബ്നു അബ്ദുല്ലാഹ്ﷺ പറയുന്നു: 'അല്ലയോ ഇറാഖുകാരേ, ചെറിയകാര്യങ്ങളെക്കുറിച്ചു പോലും നിങ്ങൾ ചോദിച്ചറിയുന്നു. എന്നാൽ വലിയ വലിയ കാര്യങ്ങൾ (തിന്മകൾ) നിങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നു. നിങ്ങളുടെ കാര്യം എത്ര ആശ്ചര്യം! എന്റെ പിതാവ് അബ്ദുല്ലാഹിബ്നു ഉമർﷺ കിഴക്കുഭാഗത്തേക്ക് ചൂണ്ടിക്കൊണ്ട് പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. തീർച്ചയായും കുഴപ്പങ്ങളെല്ലാം ഇവിടെനിന്നാണ്. അതായത്, പിശാചിന്റെ കൊമ്പ് പ്രത്യക്ഷപ്പെടുന്നിടത്തുനിന്ന്.'

കാര്യങ്ങൾ ഇത്രയും വ്യക്തമാണ്. എന്നിട്ടും സ്വാർഥ താൽപര്യങ്ങൾക്കും തങ്ങളുടെ പിഴച്ച ആദർശം മറച്ചുവയ്ക്കാൻ വേണ്ടിയും യാതൊരു കഴമ്പുമില്ലാത്ത വാദങ്ങളുമായി ഇവർ രംഗത്ത് വരുന്നു!

നജ്ദുകൊണ്ടുള്ള ഉദ്ദേശം ഇബ്നു അബ്ദിൽ വഹാബിന്റെ ജന്മനാടായ സുഊദി അറേബ്യയിലെ നജ്ദ് ആണെങ്കിൽ ഹദീഥിൽ സൂചിപ്പിക്കപ്പെട്ട ഭൂകമ്പങ്ങളും കുഴപ്പങ്ങളും ഉണ്ടാകുമെന്നതും കുഫ്റിന്റെ കേന്ദ്രമാണെന്നതുമെല്ലാം ആ നജ്ദിന്റെ ചരിത്രത്തിൽ കാണാൻ സാധിക്കേണ്ടതാണ്. പക്ഷേ, ചരിത്ര ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ അങ്ങനെ ഒന്ന് കാണാവതല്ല.

എന്നാൽ അന്നുമുതൽ ഇന്നുവരെ എല്ലാ കുഴപ്പങ്ങളുടെയും കേന്ദ്രം ഇറാഖാണ് എന്ന് കാണാം. ഇതൊരു വസ്തുതയാണ്. മുസ്‌ലിം സമുദായത്തിന്റെ ഐക്യം തകർത്തതും അനൈക്യവും ഛിദ്രതയും വിദ്വേഷവും സമ്മാനിച്ചതും ഇറാഖ് തന്നെ. പിഴച്ച കക്ഷികൾ മിക്കവാറും ഉത്ഭവിച്ചത് ഇറാഖിൽനിന്നാണെന്ന് കാണാം.

ഈ സമുദായം എഴുപത്തിമൂന്ന് വിഭാഗങ്ങളായി മാറുമെന്നും അതിൽ എഴുപത്തിരണ്ട് കക്ഷികൾ നരകക്കാരാണെന്നുമുള്ള ഹദീഥിനെ വിശദീകരിക്കവെ മുല്ലാ അലിയ്യുൽഖാരി പറയുന്നു: 'ബിദഈ കക്ഷികളുടെ അടിസ്ഥാനം ഏഴ് വിഭാഗങ്ങളാണ്. മുഅ്തസിലി, ശീഅ, ഖവാരിജ്, നജ്ജാരിയ്യ, ജബ്‌രിയ്യ, മുശബ്ബിഹ, ഹുലൂലിയ്യ എന്നിവരാണവർ. ഇവർ യഥാക്രമം 20,22,20,3,1,5,1 എന്നീ എണ്ണം ഉപവിഭാഗങ്ങളായി പിന്നീട് ഭിന്നിച്ചു.' (ആകെ 72).

ചുരുക്കത്തിൽ പിഴച്ച കക്ഷികളായ 72 കക്ഷികളും ഉൽഭവിച്ചത് ഈ ഏഴ് കക്ഷികളിൽനിന്നാണ്. പിന്നീട് ലോകത്ത് പുതിയ കക്ഷികൾ ഉടലെടുത്തിട്ടുണ്ടെങ്കിൽ അവരുടെ ആദർശം ഈ എഴുപത്തിരണ്ടിൽ ഏതെങ്കിലും ഒന്നിന്റേതായിരിക്കും എന്നർഥം. ഈ ഏഴ് കക്ഷികളുടെയും നേതാക്കൾ ഇറാഖുകാരായിരുന്നു!

നേർക്കുനേർ ചരിത്രം പഠിക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കാവുന്ന ഒരു കാര്യമാണ് മുഴുവൻ പിഴച്ച കക്ഷികളും വലിയ കുഴപ്പങ്ങളുമെല്ലാം പ്രത്യക്ഷപ്പെട്ടത് ഇറാഖിലെ നാടുകളിൽ നിന്നാണ് എന്ന യാഥാർഥ്യം. പിശാചിന്റെ കൊമ്പ് പ്രത്യക്ഷപ്പെടും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അതുതന്നെയാണ്. ഇതിന് ചരിത്രം സാക്ഷിയാണ്. ഉസ്മാൻﷺവിന് എതിരെയുള്ള കലാപങ്ങളുടെ തുടക്കം ഇറാഖ് ഭാഗത്തുനിന്നായിരുന്നു. ജമൽ, സ്വിഫ്ഫീൻ യുദ്ധങ്ങൾ നടന്നതും ആ പ്രദേശങ്ങളിൽ തന്നെ. അലിﷺ വധിക്കപ്പെടുന്നതും ഇറാഖിൽവച്ചുതന്നെ. മുഅ്തസിലി,



ശീഈ, ഖവാരിജ്, നജ്ജാരിയ്യ, ജബ്‌രിയ്യ, മുശബ്ബിഹ, ഹുലൂലിയ്യ തുടങ്ങിയവരെല്ലാം ഉടലെടുത്തതും അവിടെനിന്നുതന്നെ. മാത്രമല്ല, കള്ളപ്രവാചകനായ മുഖ്താർ പ്രവാചകത്വം വാദിച്ചതും അവിടെനിന്നുതന്നെ. ദജ്ജാലിന്റെയും യഅ്ജൂജ് മഅ്ജൂജിന്റെയും പുറപ്പാട് ആ ഭാഗത്തുനിന്നായിരിക്കുമെന്ന് ഹദീഥുകൾ വ്യക്തമാക്കുന്നുമുണ്ട്.

നബിﷺയുടെ പേരിൽ ലക്ഷക്കണക്കായ ഹദീഥുകൾ വ്യാജമായി നിർമിച്ചുണ്ടാക്കപ്പെട്ടതിൽ ഭൂരിഭാഗവും ഇറാക്വിൽനിന്നായിരുന്നുവെന്നത് ഒരു ചരിത്ര യാഥാർഥ്യം കൂടിയാണല്ലോ. ഒരുകാലത്ത് 'ഹദീഥ് അടിക്കുന്ന കേന്ദ്രം' എന്ന അപരനാമത്തിൽ കുപ്രസിദ്ധമായതും ഇറാഖായിരുന്നുവല്ലോ. ഇക്കാര്യം ഹദീഥ് പണ്ഡിതന്മാർ വ്യക്തമാക്കിയതുമാണ്. താബിഈ പണ്ഡിതനായ ഹിശാം ഇബ്നു ഉർവ(റഹി) പറയുന്നു: 'നിന്നോട് ഒരു ഇറാഖുകാരൻ ആയിരം ഹദീഥുകൾ പറഞ്ഞാൽ നീ അതിൽ 990 എണ്ണം ഒഴിവാക്കുക. ബാക്കിയുള്ളത് നീ സംശയിക്കുകയും ചെയ്യുക.' ഇമാം ശാഫിഈ‍ؒ പറയുന്നു: 'ഇറാഖിൽ നിന്നും വന്ന ഏതൊരു ഹദീഥുംതന്നെ ഹിജാസിൽ അതിന് അടിസ്ഥാനമുണ്ടെങ്കിലല്ലാതെ നീ സ്വീകരിക്കരുത്.'

പ്രവാചകൻﷺ പ്രാർഥിക്കാൻ വിസമ്മതിച്ചതും ഫിത്നയുടെ കേന്ദ്രമായും പിശാചിന്റെ കൊമ്പ് പ്രത്യക്ഷപ്പെടുന്ന സ്ഥലമായുമൊക്കെ പറഞ്ഞതും ഇറാഖിലെ നജ്ദിനെക്കുറിച്ചാണെന്ന് പ്രമാണങ്ങൾകൊണ്ടും ചരിത്ര യാഥാർഥ്യങ്ങൾകൊണ്ടും വ്യക്തമായി.

എന്നാൽ ശൈഖ് മുഹമ്മദ്ബ്നു അബ്ദിൽവഹാബിന്റെ ജന്മസ്ഥലമായ ഇന്നത്തെ സുഊദി അറേബ്യയുടെ ഭാഗമായ നജ്ദ് ഏതെങ്കിലും രൂപത്തിൽ ശപിക്കപ്പെട്ടതായി ഹദീഥുകളിൽ വന്നിട്ടുണ്ടോ? ഇല്ലെന്ന് മാത്രമല്ല നബിﷺ ബർകത്തിനായി പ്രാർഥിച്ച പ്രദേശങ്ങളിൽ പെട്ടതാണ് അത് എന്നതാണ് യാഥാർഥ്യം. അതായത് നബിﷺ ശാമിനും യമനിനും വേണ്ടി പ്രാർഥിക്കുകയും അവയെ പുകഴ്ത്തുകയും ചെയ്തത് ധാരാളം ഹദീഥുകളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. മക്ക തിഹാമയിൽ പെട്ടതും തിഹാമ യമനിൽ പെട്ടതുമാണ് എന്ന് ഇമാം നവവി(റഹി), അസ്ക്വലാനി(റഹി) തുടങ്ങിയവർ രേഖപ്പെടുത്തിയിട്ടുണ്ട്.

തെളിവുകളും യാഥാർഥ്യവും ഇതാണെന്നിരിക്കെ പിന്നെയും എന്തിന് വേണ്ടിയാണ് പുരോഹിതന്മാർ തങ്ങളുടെ വളഞ്ഞ വാദങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കുന്നതും സത്യത്തെ മൂടിവെക്കാൻ പാടുപെടുന്നതുമെല്ലാം? ആരോടുള്ള വിദ്വേഷമാണ് അവരെ ഇത്തരത്തിൽ അസത്യങ്ങൾ പ്രചരിപ്പിക്കാൻ പ്രേരിപ്പിക്കുന്നത്? എന്താണ് അവരുടെ ലക്ഷ്യം? പരലോകവും സ്വർഗവും നരകവും യാഥാർഥ്യമാണെന്ന് ഉറച്ചു വിശ്വസിക്കുന്നവർക്ക് ഇങ്ങനെ ചെയ്യാമോ?

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു" (ക്വുർആൻ 5:8).

നമ്മുടെ തലച്ചോറും ബുദ്ധിയുമൊന്നും ഒരാളുടെയും കാൽകീഴിൽ കൊണ്ടുപോയി പണയപ്പെടുത്തിയിട്ടില്ല എങ്കിൽ നമ്മളോർക്കുക. ജനിച്ചത് ഏകാകിയായിട്ടാണെങ്കിൽ മരിക്കുന്നതും അങ്ങനെയാകും. നമ്മുടെ ക്വബ്റിൽ നമ്മൾ ഒറ്റക്കാണെങ്കിൽ നമ്മുടെ വിചാരണയും നമ്മൾ ഒറ്റക്ക് തന്നെ നേരിടണം.

സത്യത്തിന്റെ പ്രകാശത്തെ മൂടിവയ്ക്കാൻ ശ്രമിക്കുന്നവർ നമ്മുടെ പരലോക വിജയത്തിന് വിഘാതമാകാതിരിക്കാൻ നാം ശ്രദ്ധിക്കണം.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, പണ്ഡിതൻമാരിലും പുരോഹിതൻമാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (അവരെ) തടയുകയും ചെയ്യുന്നു..." (ക്വുർആൻ 9:34).

ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com





# കറുത്തവന്റെ കൈപിടിച്ചുയർത്തിയ ഇസ്‌ലാം

**വംശീയതയുടെ വിഷപ്പുക കൊണ്ട് അമേരിക്കൻ മനസ്സും, അതിനെതിരെയുള്ള പ്രതിഷേധച്ചൂട് കൊണ്ട് തെരുവും ഘനീഭവിച്ചിരിക്കുകയാണ്. ജാതി–മത–വർണങ്ങൾക്കതീതമായി മനുഷ്യനെ പരിഗണിക്കാൻ ദൈവികനിയമങ്ങൾക്ക് മാത്രമെ കഴിയൂ എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ഇസ്‌ലാം. ഭൗതിക പ്രത്യയശാസ്ത്രങ്ങൾ ഈ രംഗത്ത് എത്രമാത്രം പരാജയമാണെന്നതിന്റെ ഉദാഹരണമാണ് അമേരിക്കൻ സാമൂഹിക വ്യവസ്ഥ.**

ജോർജ് ഫ്ളോയിഡ് എന്ന കറുത്ത വർഗക്കാരനെ വെളുത്ത വർഗക്കാരനായ ഒരു നിയമപാലകൻ(?) മുട്ടുകാലുകൾക്കിടയിൽ കഴുത്തുഞെരിച്ച് ശ്വാസംമുട്ടിച്ചുകൊന്ന വാർത്ത നാം വായിച്ചത് കുറച്ച് ദിവസങ്ങൾക്ക് മുമ്പാണ്. വർണത്തിന്റെയും വംശത്തിന്റെയും പേരിൽ മനുഷ്യരെ വേർതിരിച്ചിരുന്ന സമ്പ്രദായത്തിന്റെ നേരിയ അംശം ചില വെളുത്ത ശരീരങ്ങളിലെ കറുത്ത മനസ്സുകളിൽ ഇപ്പോഴും അവശേഷിക്കുന്നുണ്ട് എന്നതിന്റെ തെളിവാണിത്. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം 1948ലാണ് ആഫ്രിക്കയിൽ 'വർണവിവേചന വ്യവസ്ഥ' (Aparthied) എന്ന കരിനിയമം നിലവിൽ വന്നത്. അതിനു ശേഷം നെൽസൺ മണ്ടേലയെ പോലുള്ളവരുടെ നിരന്തരമായ പോരാട്ടത്തിലൂടെ

1990കളിലാണ് ആഫ്രിക്കയും കറുത്ത വർഗക്കാരും ഈ കാടൻനിയമത്തിൽനിന്ന് മോചിപ്പിക്കപ്പെടുന്നത്. ഈ പോരാട്ടത്തിന്റെ പേരിൽ 28 വർഷമാണ് മണ്ടേല അന്യായമായി ജയിലിൽ അടയ്ക്കപ്പെട്ടത്. 1990കൾക്ക് ശേഷം ഇന്നുവരെയുള്ള സ്‌കൂൾ സിലബസ്സുകളിലെല്ലാം നാം പഠിച്ചത് അപ്പാർത്തീഡ് അഥവാ നിറത്തിന്റെ പേരിൽ മനുഷ്യരെ വേർതിരിക്കുന്ന പരിപാടി കഴിഞ്ഞ നൂറ്റാണ്ടിലെ ചരിത്രമായിരുന്നു എന്നും ഇന്ന് അത് നിലവിലില്ല എന്നുമാണ്. എന്നാൽ നാം ചൊല്ലിപ്പഠിച്ചത് പോലെയല്ല, 'കറുപ്പിനോടുള്ള വെറുപ്പ്' ഒരു മാനസിക വൈകൃതമായി ഇന്നും നിലനിൽക്കുന്നുവെന്നാണ് ചില സമീപകാല വാർത്തകളിലൂടെ ബോധ്യപ്പെടുന്നത്.

നിറത്തിന്റെ പേരിൽ മനുഷ്യനെ വേർതിരിച്ച് കാണുന്ന രീതി കേവലം 50 വർഷങ്ങൾക്ക് മുമ്പ് ആഫ്രിക്കയിൽ തുടങ്ങിയതല്ല, മറിച്ച് മനുഷ്യചരിത്രത്തിന്റെ ഏടുകൾ ചികഞ്ഞുനോക്കിയാൽ അതിലെല്ലാം ഈ ദുഷിച്ച ചിന്തയുടെ ദുർഗന്ധം നമുക്ക് അറിയാൻ പറ്റും. ലഭ്യമായ പുരാതന ചരിത്രങ്ങളിലെല്ലാം വർണവിവേചനത്തിന്റെ വേരുകൾ കാണാം. ഏറ്റവും പഴയ സംസ്‌കാരങ്ങളിലൊന്നായ ഈജിപ്ഷ്യൻ സംസ്‌കാരത്തിൽ അടിമത്തം നിലനിന്നിരുന്നു എന്ന കാര്യത്തിൽ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമില്ല. ഫറോവമാർ ഈ അടിമകളെ ഉപയോഗിച്ചാണ് പിരമിഡുകളും സ്ഫിംഗ്‌സ് പോലുള്ള കൂറ്റൻ കൊത്തുപണികളും ഉണ്ടാക്കിയതെന്നാണ് ചരിത്രം. എന്നാൽ ഈ അടിമവ്യവസ്ഥ നിറത്തിന്റെ അടിസ്ഥാനത്തിൽ ഉള്ളതായിരുന്നോ അല്ലേ എന്ന കാര്യത്തിൽ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ബൈബിൾ പ്രകാരം ഈജിപ്തുകാർ ഹാമിന്റെ (Ham) പിന്മുറക്കാരാണ്. ചരിത്രകാരനായ ഡിയോപ് (Diop) പറയുന്നത് 'ഹാം' എന്ന ഹീബ്രു വാക്കിന്റെ (പഴയ നിയമം ഹീബ്രു ഭാഷയിലാണ്) അർഥം 'കറുത്തവൻ,' 'വെയിലു കൊണ്ട് ഉണങ്ങിയവൻ' എന്നൊക്കെയാണ് എന്നാണ്. ഇത് ഈജിപ്തുകാർ കറുത്തവരായിരുന്നു എന്ന തന്റെ വാദത്തിനു തെളിവായി അദ്ദേഹം പറയുന്നു. ഇബ്‌റാഹീം നബിക്ക് ഹാജറ എന്ന കറുത്ത വർഗക്കാരി അടിമയെ കിട്ടിയത് ഈജിപ്തിൽ നിന്നാണെന്ന സെമിറ്റിക് ഗ്രന്ഥങ്ങളിലെ പരാമർശങ്ങളും പുരാതന ഈജിപ്തിൽ അടിമ സമ്പ്രദായം ഉണ്ടായിരുന്നു എന്ന വാദത്തെ ബലപ്പെടുത്തുന്ന കാര്യമാണ്.

ജൂതന്മാരുടെ വീക്ഷണ പ്രകാരം കറുത്ത വർഗക്കാർ 'ശപിക്കപ്പെട്ടവരാണ്.' അവരുടെ വിശുദ്ധ ഗ്രന്ഥമായി അവർ കണക്കാക്കുന്ന 'തൽമുദ്'ൽ (ഇത് പിൽക്കാലത്ത് യഹൂദ റബ്ബിമാർ എഴുതിയുണ്ടാക്കിയതാണ്) പറയുന്നത് 'ഹാമിന്റെ സന്തതികൾ കറുത്തവരാകാൻ ശപിക്കപ്പെട്ടു' എന്നാണ്. അതിനുള്ള കാരണമായി തൽമുദിൽ പറയുന്നത് ഹാം പാപി ആയിരുന്നു എന്നുമാണ്. കറുത്തവരുടെ മേൽ അധികാരം നേടാനും അവരെ അടിമകളാക്കി വെക്കാനും ജൂതന്മാർ എഴുതിച്ചേർത്തതായിരുന്നു ഈ വരികൾ എന്ന് നിസ്സംശയം പറയാം. ഇന്നും ഇസ്രായേലിൽ ജൂതന്മാർക്കിടയിൽ പോലും കറുത്ത ജൂതനെന്നും വെളുത്ത ജൂതനെന്നും കുടിയേറ്റക്കാരനായ ജൂതനെന്നുമൊക്കെയുള്ള വേർതിരിവ് കാണാം. തൽമുദിലെ ഈ ദുഷിച്ച വരികൾക്ക് 14ാം നൂറ്റാണ്ടിലെ ഇസ്‌ലാമിക ചരിത്രകാരനായ ഇബ്‌നു ഖൽദൂൻ മറുപടി നൽകിയതായി കാണാം.

ഗ്രീക്ക് ചിന്തകനായിരുന്ന അരിസ്റ്റോട്ടിൽ പറഞ്ഞത്, കറുത്ത വർഗക്കാർ ശാരീരികമായി ശക്തരും ബുദ്ധിപരമായി പിന്നാക്കം നിൽക്കുന്നവരും ആയതുകൊണ്ട് അവർ ഘടനാപരമായി തന്നെ അടിമകളായിരിക്കാൻ സൃഷ്ടിക്കപ്പെട്ടവരാണ് എന്നാണ്! റോമിലും ഇത് തന്നെയായിരുന്നു സ്ഥിതി. പൗരാണിക ഗ്രീസിലും റോമിലും നിലനിന്നിരുന്ന അടിമ സമ്പ്രദായത്തെ പറ്റി ചരിത്രപരമായ തെളിവുകൾ ഉദ്ധരിച്ച് ചരിത്രകാരൻ Benjamin Isaac അദ്ദേഹത്തിന്റെ The invention of racism in classical antiqutiy എന്ന ഗ്രന്ഥത്തിൽ സവിസ്തരം സ്ഥാപിക്കുന്നുണ്ട്.






ഇതേകാലത്ത് ഇന്ത്യയിലും വംശീയതയും അടിമത്തവും നിലനിന്നിരുന്നുവെന്ന് കാണാം. പക്ഷേ, ഇന്ത്യയിൽ നിലനിന്നിരുന്ന വ്യവസ്ഥയുടെ പശ്ചാത്തലം മറ്റൊന്നായിരുന്നു. തൊലിനിറത്തിന്റെ അടിസ്ഥാനത്തെക്കാൾ ജാതിവ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ള വിവേചനം എന്ന് പറയുന്നതാകും ശരി. ഈ ജാതിവ്യവസ്ഥയുടെ ബീജം ഋഗ്വേദത്തിലും ഛാന്ദഗ്യോപനിഷത്തിലും മനുസ്മൃതിയിലുമെല്ലാം കാണാം. ജാതിയുടെ അടിസ്ഥാനത്തിൽ മനുഷ്യരെ 4 വിഭാഗങ്ങളായി തിരിച്ചിരുന്നു. ഏറ്റവും ഉയർന്ന തട്ടിൽ പുരോഹിതന്മാരായ ബ്രാഹ്മണർ, അതിനുതാഴെ യുദ്ധവീരന്മാരായ ക്ഷത്രിയർ; കച്ചവടക്കാരായ വൈശ്യർ, ഏറ്റവും താഴെ അടിമകളായ ശൂദ്രർ എന്നതായിരുന്നു ക്രമം. മനുസ്മൃതി പോലുള്ള ഗ്രന്ഥങ്ങൾ ബ്രാഹ്മണന്റെ അവകാശങ്ങളെ പറ്റി വാചാലമാകുമ്പോൾ താഴ്ന്ന ജാതിക്കാരനായ ശൂദ്രനു കിട്ടേണ്ട അവകാശങ്ങളെ പറ്റി ഒന്നും പറയുന്നില്ല. ബ്രാഹ്മണനു വലിയ കുറ്റങ്ങൾ ചെയ്താൽ നിസ്സാര ശിക്ഷകളും ശൂദ്രൻ ചെയ്യുന്ന നിസ്സാര തെറ്റുകൾക്ക് പോലും കിരാത ശിക്ഷകളും വിധിച്ചത് കാണാം. അയ്യങ്കാളി, ശ്രീനാരായണ ഗുരു പോലുള്ളവരുടെ ഇടപെടലുകളും പ്രത്യേകമായ രാഷ്ട്രീയ സാഹചര്യങ്ങളും കാരണം കേരളത്തിൽ ഇന്ന് ജാതിവ്യവസ്ഥ ഏറെക്കുറെ അപ്രത്യക്ഷമായി എന്ന് കരുതാം. എന്നാൽ തമിഴ്നാട്, കർണാടക, ഉത്തർ പ്രദേശ്, ഗുജറാത്ത് പോലുള്ള സംസ്ഥാനങ്ങളിൽ ഇന്നും ജാതിവ്യവസ്ഥ കൊടികുത്തി വാഴുന്നുണ്ട്. മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ദലിത് പീഡനങ്ങൾ ഇതിന്റെ ഒരു നേർസാക്ഷ്യമാണ്. നിറത്തിന്റെ പേരിൽ മനുഷ്യനെ വേർതിരിക്കുകയും കറുത്തവരെ അടിമകളാക്കി ഉപയോഗിക്കുകയും വിൽക്കൽ വാങ്ങലുകൾ നടത്തുകയും ചെയ്യുന്ന രീതി ഏറെക്കുറെ എല്ലാ പൗരാണിക സംസ്കാരങ്ങളിലും ചിന്തകളിലും നിലനിന്നിരുന്നു എന്ന് സാരം.

മധ്യകാല ചരിത്രവും ഈ ചിന്തയിൽ നിന്ന് മുക്തമായിരുന്നില്ല. അത് കോളനിവൽക്കരണത്തിന്റെ കാലമാണ്. ബ്രിട്ടീഷുകാർ, ഡച്ചുകാർ എന്നിവർ വിവിധ ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് സഞ്ചരിക്കുകയും അവർ എത്തിയ രാജ്യങ്ങൾ കീഴ്പെടുത്തി തദ്ദേശീയരെ അടിമകളാക്കി വെക്കുകയും മറ്റു രാജ്യങ്ങളിലേക്ക് കയറ്റി അയക്കുകയും ചെയ്തു. ഒരിക്കൽ അടിമയായി മുദ്രകുത്തപ്പെട്ടാൽ പിന്നെ ആ ബന്ധനത്തിൽ നിന്ന് രക്ഷപ്പെടുക ഏറെക്കുറെ അസാധ്യമായിരുന്നു. അമേരിക്കയിൽ 1865 വരെ അടിമക്കച്ചവടം നില നിന്നിരുന്നു, ആഫ്രിക്കയിൽ അടിമക്കച്ചവടം നിരോധിച്ചത് 1875ൽ ആണ്. അടിമവ്യവസ്ഥ 19ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ അവസാനിച്ചെങ്കിലും നിറത്തിന്റെ പേരിൽ വേർതിരിച്ച് കാണുന്ന രീതി പിന്നെയും നിലനിന്നുപോന്നു.

അമേരിക്കയിൽ ഇന്നും കറുത്തവർക്കും വെളുത്തവർക്കുമിടയിൽ അപ്രഖ്യാപിത വിവേചനങ്ങൾ നിലവിലുണ്ട്. ജോലിയുടെ കാര്യത്തിൽ ഉയർന്ന തസ്തികകളിൽ നിന്ന് കറുത്തവൻ തഴയപ്പെടുന്നുണ്ട്. ശമ്പളത്തിന്റെ കാര്യത്തിൽ കറുത്തവരോട് വിവേചനം കാണിക്കുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ദാരിദ്ര്യവും തൊഴിലില്ലായ്മയും വിദ്യാഭ്യാസക്കുറവുമൊക്കെ കൂടുതലുള്ളത് കറുത്ത വർഗക്കാർക്കാണ്.

അടിമത്ത വ്യവസ്ഥിതിക്കും അസമത്വത്തിനുമെതിരെയുള്ള പോരാട്ടവും മനുഷ്യന്റെ സ്വാതന്ത്ര്യവുമാണു ഞങ്ങളുടെ സിദ്ധാന്തം എന്ന് കൊട്ടിഘോഷിച്ച് 19ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ (1848) മുന്നോട്ട് വന്ന കമ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങളും കറുത്തവരോടുള്ള നിലപാടിന്റെ കാര്യത്തിൽ പരാജയമായിരുന്നുവെന്നാണു കാലം തെളിയിച്ചത്. കമ്യൂണിസത്തിന്റെ പോരാട്ടം പ്രധാനമായും കേന്ദ്രീകരിച്ചത് സാമ്പത്തിക അസമത്വത്തിനെതിരെയായിരുന്നു. തൊലിനിറത്തിന്റെ പേരിലുള്ള അസമത്വത്തിനെതിരെ കമ്യൂണിസത്തിന് ഒന്നും പറയാനുണ്ടായിരുന്നില്ല. യൂറോപ്യൻ രാജ്യങ്ങളിൽ ഇരുണ്ട തൊലിയുള്ളവരോട് വിവേചനം കാണിക്കുന്നതിൽ ഏറ്റവും മുന്നിട്ടുനിൽക്കുന്ന രാജ്യം കമ്യൂണിസം ഭരണഘടനയാക്കിയ റഷ്യയിലാണ്. കമ്യൂണിസത്തിന്റെ തറവാടായി കണക്കാക്കപ്പെടുന്ന ക്യൂബൻ ജനതയുടെ 60 ശതമാനവും കറുത്തവരാണ്. പക്ഷേ, അ

വരുടെ ഭരണ സിരാകേന്ദ്രങ്ങളിൽ ഇരിക്കുന്നവരിൽ 70 ശതമാനവും വെളുത്തവരാണ് എന്ന് 2009ൽ പുറത്തുവന്ന കണക്കിൽ പറയുന്നു. ഇതേ പഠനത്തിൽ തന്നെ പറയുന്നു ക്യൂബയിലെ 70 ശതമാനം കറുത്തവരും ജോലിയില്ലാത്തവരാണെന്ന്. കറുത്തവർ വെളുത്തവരെക്കാൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നു. സാമ്പത്തിക അസമത്വത്തിനെതിരെ പോരാടിയ കമ്യൂണിസം ഭരണഘടനയായി പ്രഖ്യാപിച്ച ക്യൂബയിൽ പോലും കറുത്തവർ ഇന്നും സാമ്പത്തികമായും സാമൂഹികമായും ഏറ്റവും വലിയ 'അസമത്വം' നേരിട്ടുകൊണ്ടിരിക്കുന്നു എന്ന് ചുരുക്കം.


## പരിണാമ സിദ്ധാന്തവും വംശീയതയും

വർണവിവേചനത്തിനെ ന്യായീകരിക്കുന്നവർക്ക് വളംവെച്ച് കൊടുക്കുന്ന സിദ്ധാന്തമാണ് പരിണാമ സിദ്ധാന്തം (Theory of evolution). 19ാം നൂറ്റാണ്ടിൽ ജീവിച്ച ചാൾസ് ഡാർവിനാണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്. ജീവികൾക്ക് ക്രമാനുഗതമായി വന്ന മാറ്റത്തിന്റെ ഫലമായി ഉരുത്തിരിഞ്ഞുവന്ന ജീവിവർഗമാണ് മനുഷ്യൻ എന്നാണ് ഈ സിദ്ധാന്തം പറയുന്നത്. ഈ സിദ്ധാന്തത്തെ പൊക്കിപ്പിടിച്ചു നടന്നത് പ്രധാനമായും രണ്ടു വിഭാഗക്കാർ ആയിരുന്നു.[1] സൃഷ്ടിവാദത്തെ എതിർക്കുന്ന വിഭാഗക്കാർ അഥവാ യുക്തിവാദ-നിരീശ്വരവാദ പ്രസ്ഥാനക്കാർ.[2] വംശീയവാദ (Racism) സിദ്ധാന്തക്കാർ.

ഒന്നാമത്തെ വിഭാഗക്കാർ പരിണാമസിദ്ധാന്തത്തെ പൊക്കിപ്പിടിച്ചത് സ്രഷ്ടാവായ ദൈവം ഇല്ലെന്നതിനും സൃഷ്ടിപ്പ് നടന്നിട്ടില്ലെന്നതിനും ജീവികൾ ഉണ്ടായത് ക്രമാനുഗതമായ പരിണാമത്തിലൂടെയാണ് എന്നതിനും തെളിവായിട്ടാണ്. രണ്ടാമത്തെ വിഭാഗം ഈ സിദ്ധാന്തത്തെ ഉപയോഗിച്ചത് വെളുത്ത വംശക്കാർ കറുത്തവരെക്കാൾ ഉയർന്നവരാണ് എന്ന് സ്ഥാപിക്കാനായിരുന്നു. അവർ പറഞ്ഞത് ഇപ്രകാരമാണ്: 'കറുത്തവരായ നീഗ്രോകൾ കുരങ്ങുകളിൽ നിന്ന് വെളുത്തവരിലേക്കുള്ള പരിണാമത്തിനിടയിലെ ഒരു കണ്ണി മാത്രമാണ്. അഥവാ നീഗ്രോകൾ പൂർണ മനുഷ്യരല്ല, മനുഷ്യരെ പോലെ പൂർണ ബുദ്ധിയുള്ളവരല്ല. അതുകൊണ്ട് തന്നെ വെളുത്തവർക്ക് അവരെക്കാൾ ഔന്നിത്യമുണ്ട്, അവരെ അടിമകളാക്കാൻ അവകാശമുണ്ട്.'

ഈ സിദ്ധാന്തം രൂപപ്പെട്ട് ഏകദേശം 50 വർഷങ്ങൾക്ക് ശേഷം വന്ന രണ്ട് ചിന്താഗതികളാണു ഫാഷിസവും നാസിസവും. ഈ രണ്ട് കൂട്ടരുടെയും സൈദ്ധാന്തിക അടിത്തറ വംശീയതയിൽ ഊന്നിയതായിരുന്നു. ഹിറ്റ്ലറും നാസികളും പറഞ്ഞത് വെളുത്തവരായ ആര്യൻ വംശജർ ഉന്നതരാണ് എന്നാണ്. ഫാഷിസ്റ്റ് പാർട്ടിയുടെ സ്ഥാപകനും തലവനുമായ മുസ്സോളിനിയും ഈ ന്യായം പറഞ്ഞായിരുന്നു എത്യോപ്യ ഉൾപ്പെടെയുള്ള ആഫ്രിക്കൻ രാജ്യങ്ങളെ ആക്രമിച്ച് കീഴ്പ്പെടുത്തി കോളനികൾ സ്ഥാപിക്കുകയും തദ്ദേശീയരായ കറുത്ത വർഗക്കാരെ കൂട്ടക്കൊല ചെയ്യുകയും ചെയ്തത്. ഈ രണ്ട് കൂട്ടരും പരിണാമ സിദ്ധാന്തത്തെ തങ്ങൾക്കനുകൂലമായി വ്യാഖ്യാനിക്കുകയാണു ചെയ്തത്. ഹിറ്റ്ലർ ഇതിനായി പ്രത്യേകം തെരഞ്ഞെടുത്ത നരവംശശാസ്ത്രജ്ഞരെ നിയമിച്ചു. അവർ ഡാർവിൻ സിദ്ധാന്തത്തിന് ഹിറ്റ്ലർക്കു വേണ്ടി സമർഥമായി ദുർവ്യാഖ്യാനങ്ങൾ ചമച്ചു. ഇത് കറുത്ത വർഗക്കാരെ കൊന്നൊടുക്കാൻ നാസിസ്റ്റ്, ഫാഷിസ്റ്റ് പാർട്ടികൾക്ക് സൈദ്ധാന്തിക അടിത്തറയായി.

18,19 നൂറ്റാണ്ടുകളിൽ വ്യാപകമായി പ്രചരിപ്പിക്കപ്പെട്ട മറ്റൊന്നായിരുന്നു Scientific racism (ശാസ്ത്രീയ വംശീയ പഠനം) എന്നത്. കറുത്തവരും വെളുത്തവരും തമ്മിലുള്ള ശാരീരികവും ബുദ്ധിപരവുമായ വ്യത്യാസങ്ങൾ പഠിക്കുന്ന ഒരു ശാസ്ത്രശാഖയാണ് അത് എന്ന് പ്രചരിപ്പിക്കപ്പെടുകയും അതിന് അക്കാലത്ത് വൻ പ്രചാരം ലഭിക്കുകയും ചെയ്തു; പ്രത്യേകിച്ചും അടിമ വ്യവസ്ഥ നിലനിന്നിരുന്ന ആഫ്രിക്കൻ, അമേരിക്കൻ നാടുകളിൽ. ഇതിന്റെയും ലക്ഷ്യം കറുത്തവൻ വെളുത്തവനെക്കാൾ താഴ്ന്നവവനാണ് എന്ന് സ്ഥാപിക്കലായിരുന്നു. എന്നാൽ 1950കൾക്ക് ശേഷം ഇത് ശാസ്ത്രമല്ലെന്നും ശാസ്ത്രത്തിന്റെ തോലണിഞ്ഞ അസംബന്ധങ്ങൾ മാത്രമാണെന്നും ലോകം തിരിച്ചറിഞ്ഞു. ഇന്ന് ഇതൊരു കപട ശാസ്ത്രം (Pseudo science) ആയാണ് അറിയപ്പെടുന്നത്.



## ഇസ്‌ലാം കറുത്തവർക്ക് വേണ്ടി ശബ്ദിച്ച മതം

കറുത്തവർക്ക് വേണ്ടി ശബ്ദിക്കുകയും പോരാടുകയും ചെയ്ത വളരെ വിരളം ശബ്ദങ്ങൾ മാത്രമെ ചരിത്രത്തിൽ നമുക്ക് കാണാൻ സാധിക്കുകയുള്ളൂ. കറുത്തവർക്ക് വേണ്ടി ശബ്ദിച്ചവർ ആരൊക്കെ എന്ന് ചോദിച്ചാൽ ലോകത്ത് ഉയർന്നുകേൾക്കാറുള്ള പേരുകൾ നെൽസൺ മണ്ടേല, ലൂഥർ, ഗാന്ധി തുടങ്ങിയ പേരുകളാണ്. എന്നാൽ ഈ ഗണത്തിൽ ആരും പറയാത്ത ചില പേരുകൾ കൂടിയുണ്ട്. ഇസ്‌ലാമിലെപ്രവാചകന്മാരെല്ലാം വംശീയതക്കും അടിമസമ്പ്രദായത്തിനുമെതിരെ പോരാടിയവരായിരുന്നു എന്നതാണ് വാസ്തവം. ലേഖനത്തിന്റെ തുടക്കത്തിൽ മഹാനായ ഇബ്‌റാഹീം നബി(عليه السلام)ക്ക് ഈജിപ്തിൽ നിന്ന് കിട്ടിയ അടിമസ്ത്രീയായിരുന്നു ഹാജറ എന്ന് സൂചിപ്പിച്ചല്ലോ. ഇബ്‌റാഹീം നബി(عليه السلام) പക്ഷേ, ഹാജറയെ കേവലം ഒരു അടിമയാക്കി വെക്കുകയല്ല ചെയ്തത്. അവരെ വിവാഹം ചെയ്യുകയും അതുവഴി അവരെ അടിമസ്ത്രീയിൽ നിന്ന് ഒരു മനുഷ്യസ്ത്രീയുടെ പദവിയിലേക്ക് ഉയർത്തുകയുമാണ് ചെയ്തത്. അതെ, ബഹുദൈവാരാധന എന്ന സാമൂഹ്യ തിന്മക്കെതിരെ പോരാടി വീരേതിഹാസം രചിച്ച ഇബ്‌റാഹീം നബി കറുത്തവളായ ഹാജറയെ വിവാഹംകഴിക്കുക വഴി അന്നത്തെ 'വർണ വിവേചനത്തിന്റെയും അടിമവ്യവസ്ഥിതിയുടെയും' ചങ്ങലക്കെട്ടുകൾ കൂടി തകർക്കുകയായിരുന്നു. ഇതേ ഹാജറയാണു പിന്നീട് ഇസ്മാഈൽ എന്ന പ്രവാചകനു ജന്മം നൽകിയത്. ലോകത്തുള്ള ഒരു മുസ്‌ലിമിനും കറുത്തവളായ ഹാജറയെ ഓർക്കാതെ, അവരുടെ കാൽപാദങ്ങൾ പതിഞ്ഞ സഫാ-മർവയ്ക്കിടയിലൂടെ നടക്കാതെ ഹജ്ജ് കർമം പൂർത്തിയാക്കാൻ സാധ്യമല്ല. ഇത് ഹാജറബീവിക്ക് അല്ലാഹു നൽകിയ സ്ഥാനമാണ്. കറുത്ത ഹാജറ നടന്ന ഈ സ്ഥലത്ത് ഞാൻ ചവിട്ടില്ല എന്ന് ഹജ്ജിനു വരുന്ന ഒരു വെള്ളക്കാരനും പറയില്ല. കാരണം തൊലിയുടെ കറുപ്പോ വെളുപ്പോ അല്ല ശ്രേഷ്ഠതയുടെ അളവുകോൽ, മറിച്ച് ഹൃദയത്തിലെ വിശ്വാസവിശുദ്ധിയും ധർമനിഷ്ഠയുമാണ് ഒരു മനുഷ്യനെ അല്ലാഹുവിങ്കൽ ശ്രേഷ്ഠനാക്കുന്നത് എന്നതാണ് ഇസ്‌ലാമിന്റെ പ്രഖ്യാപനം. അല്ലാഹു പറയുന്നു:

"ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു"(കുർആൻ 49:13).

നബിﷺ പറഞ്ഞു: "തീർച്ചയായും അല്ലാഹു നോക്കുന്നത് നിങ്ങളുടെ ശരീരങ്ങളിലേക്കോ സമ്പത്തിലേക്കോ അല്ല, മറിച്ച് അവൻ നോക്കുന്നത് നിങ്ങളുടെ ഹൃദയങ്ങളിലേക്കും പ്രവർത്തനങ്ങളിലേക്കുമാണ്" (മുസ്‌ലിം).

അടിമ മോചനത്തിന്റെ കാഹളം മുഴക്കിയ മറ്റൊരു പ്രവാചകനാണ് മൂസാ(عليه السلام). വർഷങ്ങളോളം ഫിർഔൻ അടിമകളാക്കി വെച്ചിരുന്ന ഇസ്‌റാഈല്യരെ മോചിപ്പിച്ചത് മൂസാ നബിയായിരുന്നു.

മുഹമ്മദ് നബിﷺ ആഗതനാകുന്നതിനു മുമ്പ് അറേബ്യൻ ഉപഭൂഖണ്ഡത്തിലും വർണ വിവേചനവും അടിമത്തവും നിലനിന്നിരുന്നു. അവിടുന്ന് അടിമകളുടെ അവകാശത്തെ കുറിച്ചും നീതിയെ കുറിച്ചും ജനങ്ങളെ പഠിപ്പിച്ചു. കറുത്ത അടിമയായിരു





ന്ന ബിലാലും കുലീന കുടുംബത്തിൽ പെട്ട അബൂദർദാഉം തോളോട് തോൾ ചേർന്ന് നബിയുടെ സന്നിധിയിൽ ഇരുന്നു. അടിമമോചനം ഒരു വമ്പിച്ച പുണ്യകർമമാണെന്ന് ഇസ്‌ലാം പഠിപ്പിച്ചു. അല്ലാഹു പറയുന്നു:

"എന്നിട്ട് ആ മലമ്പാതയിൽ അവൻ തള്ളിക്കടന്നില്ല. ആ മലമ്പാത എന്താണെന്ന് നിനക്കറിയാമോ? ഒരു അടിമയെ മോചിപ്പിക്കുക. അല്ലെങ്കിൽ പട്ടിണിയുള്ള നാളിൽ ഭക്ഷണം കൊടുക്കുക; കുടുംബബന്ധമുള്ള അനാഥയ്ക്ക്. അല്ലെങ്കിൽ കടുത്ത ദാരിദ്ര്യമുള്ള സാധുവിന്" (ക്വുർആൻ 90:11-16).

സ്വഹാബികൾ അടിമകളെ മോചിപ്പിക്കുന്ന കാര്യത്തിൽ പരസ്പരം മൽസരിച്ചു. പല പാപങ്ങൾക്കും പരിഹാരമായി ഇസ്‌ലാം നിർദേശിച്ചിട്ടുള്ളത് അടിമമോചനമാണ് എന്നതും ശ്രദ്ധേയമാണ്. വർണവിരോധത്തിന്റെ അന്ധത ബാധിച്ച ലോകത്തോട് പ്രവാചകൻﷺ വിളിച്ച് പറഞ്ഞു:

"എല്ലാവരും ആദമിൽ നിന്നുള്ളവരാണ്. അറബിക്ക് അനറബിയെക്കാളോ വെളുത്തവനു കറുത്തവനെക്കാളോ യാതൊരു ശ്രേഷ്ഠതയുമില്ല, ഭക്തിയുടെ അടിസ്ഥാനത്തിലല്ലാതെ" (മുസ്‌ലിം, അബൂദാവൂദ്).

ഇതിനു തുല്യമായൊരു പ്രഖ്യാപനം അതിനു മുമ്പോ ശേഷമോ എവിടെയും രേഖപ്പെടുത്തി വെച്ചത് കാണുക സാധ്യമല്ല. വീണ്ടും അവിടുന്ന് പറഞ്ഞു:

"നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക, നിങ്ങളുടെ നേതാവായി വരുന്നത് ഉണക്ക മുന്തിരിയുടേത് പോലുള്ള തലയുള്ള നീഗ്രോ അടിമയായിരുന്നാലും ശരി" (ബുഖാരി, ഇബ്നുമാജ).

വംശീയതയെ ഇതിനെക്കാൾ നന്നായി പ്രതിരോധിച്ച വേറെ ഏത് പ്രത്യയശാസ്ത്രമാണു ലോകത്തുള്ളത്? ഇസ്‌ലാമിന്റെ ഈ മാനവികതയുടെ പ്രഘോഷണം ധാരാളം കറുത്ത വർഗക്കാരെ ഇസ്‌ലാമിലേക്ക് ആകർഷിച്ചിട്ടുണ്ട്.

കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ച കറുത്ത വർഗക്കാരുടെ വിമോചന നായകനായിരുന്ന മാൽകം എക്സ്, കറുത്തവനായ ബോക്സിംഗ് താരമായിരുന്ന കാഷ്യസ് ക്ലേ എന്നിവർ ഇസ്‌ലാം സ്വീകരിച്ചത് ഇസ്‌ലാമിന്റെ ഈ സമഭാവനയിൽ ആകൃഷ്ടരായാണ്. ഇന്ത്യയിൽ ജാതിയുടെ പേരിലുള്ള വിവേചനവും പീഡനവും നേരിട്ടിരുന്ന അനേകം 'താഴ്ന്ന ജാതിക്കാർ' ഇസ്‌ലാമിലേക്ക് കടന്നുവരാനുള്ള കാരണം ഇസ്‌ലാമിന്റെ മാനവ സമത്വവീക്ഷണമാണ്.

ദലിതർക്ക് വേണ്ടി പോരാടിയ ഡോ. ബി ആർ അംബേദ്കർ അവസാന കാലത്ത് ലക്ഷക്കണക്കിനു അനുയായികളോടൊപ്പം 'മനുഷ്യ സമത്വത്തിന്റെ മതമായ' ഇസ്‌ലാം മതം സ്വീകരിക്കാൻ തീരുമാനിച്ചിരുന്നുവെന്നും എന്നാൽ അന്നത്തെ തീവ്രഹിന്ദു വിഭാഗക്കാർ അദ്ദേഹത്തെ അതിൽ നിന്ന് പിന്തിരിപ്പിച്ചു എന്നും അതിനാൽ അദ്ദേഹം ഒരു ലക്ഷം അനുയായികളോടൊപ്പം ബുദ്ധമതം സ്വീകരിക്കുകയാണുണ്ടായതെന്നും അദ്ദേഹവുമായി ബന്ധപ്പെട്ട ചരിത്രം പറയുന്നു.

വംശീയതയുടെയും വർണവിവേചനത്തിന്റെയും തീക്കനലുകൾ വീണ്ടും ആളിക്കത്തിക്കാൻ ശ്രമിക്കുന്നവർ ആരുതന്നെയായാലും അവരെ ചെറുത്ത് തോൽപിക്കേണ്ടതുണ്ട്. ഇനിയൊരു ജോർജ് ഫ്ളോയിഡ് ഉണ്ടായിക്കൂടാ. അങ്ങനെ സംഭവിച്ചാൽ അത് ഇരുണ്ട ഭൂതകാലത്തേക്കുള്ള തിരിച്ചുപോക്കിന്റെ ഒരു ദുസ്സൂചനയായി നാം കാണണം.

അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com



ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 21




# ക്ഷമ

നിഷിദ്ധങ്ങളെ തൊട്ട് ശരീരത്തെ തടഞ്ഞിടുക, നിർബന്ധ കാര്യങ്ങളിൽ ശരീരത്തെ തളച്ചിടുക, വിധികളിൽ വേവലാതിയും വിദ്വേഷവും വെച്ചുപുലർത്തുന്നതിൽനിന്ന് ശരീരത്തെ പിടിച്ചുനിർത്തുക എന്നിങ്ങനെ വിശാലമായ വിവക്ഷകളും കാഴ്ചപ്പാടുകളുമാണ് ഇസ്‌ലാമിൽ ക്ഷമക്കുള്ളത്. ഇസ്‌ലാം ഏറ്റവും കൂടുതൽ പരിഗണിച്ച സ്വഭാവമാണ് ക്ഷമ. വിശുദ്ധ ക്വുർആനിൽ തൊണ്ണൂറ് സ്ഥലങ്ങളിൽ ക്ഷമയെ കുറിച്ചുള്ള പരാമർശം വന്നിട്ടുണ്ട്. വിവിധ നിലയ്ക്കാണ് ക്ഷമയെ കുറിച്ചുള്ള പരാമർശം വിശുദ്ധ ക്വുർആനിൽ വന്നിട്ടുള്ളത്. ഇമാം ഇബ്നുൽക്വയ്യിം അവ ക്രോഡീകരിച്ചത് ഇവിടെ സംക്ഷിപ്തമാക്കി നൽകുന്നു:

### ക്ഷമിക്കുവാനുള്ള കൽപനകൾ

"നീ ക്ഷമിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമാണ് നിനക്ക് ക്ഷമിക്കാൻ കഴിയുന്നത്..." (ക്വുർആൻ 16:127).

"നിന്റെ രക്ഷിതാവിന്റെ തീരുമാനത്തിന് നീ ക്ഷമാപൂർവം കാത്തിരിക്കുക..." (ക്വുർആൻ 52:48).

### അക്ഷമനാകുന്നതിലുള്ള വിരോധം

"ആകയാൽ ദൃഢമനസ്‌കരായ ദൈവദൂതന്മാർ ക്ഷമിച്ചത് പോലെ നീ ക്ഷമിക്കുക. അവരുടെ (സത്യനിഷേധികളുടെ) കാര്യത്തിന് നീ ധൃതി കാണിക്കരുത്" (ക്വുർആൻ 46:35).

അതുകൊണ്ട് നിന്റെ രക്ഷിതാവിന്റെ വിധി കാത്ത് നീ ക്ഷമിച്ചുകൊള്ളുക. നീ മത്സ്യത്തിന്റെ ആളെപ്പോലെ (യൂനുസ് നബിയെപ്പോലെ) ആകരുത്" (ക്വുർആൻ 68:48).

**ക്ഷമയിലാണ് വിജയം**

"സത്യവിശ്വാസികളേ, നിങ്ങൾ ക്ഷമിക്കുകയും ക്ഷമയിൽ മികവു കാണിക്കുകയും പ്രതിരോധ സന്നദ്ധരായിരിക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (ക്വുർആൻ 03:200).

**ക്ഷമാലുക്കൾക്ക് പ്രതിഫലം ഇരട്ടിയാണ്**

"അത്തരക്കാർക്ക് അവർ ക്ഷമിച്ചതിന്റെ ഫലമായി അവരുടെ പ്രതിഫലം രണ്ടുമടങ്ങായി നൽകപ്പെടുന്നതാണ്" (ക്വുർആൻ 28:54).

"ക്ഷമാശീലർക്ക് തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റിക്കൊടുക്കപ്പെടുന്നത്" (ക്വുർആൻ 39:10).

**ക്ഷമകൊണ്ടും ദൃഢവിശ്വാസം കൊണ്ടുമാണ് നേതൃത്വം ലഭിക്കുന്നത്**

"അവർ ക്ഷമ കൈക്കൊള്ളുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ദൃഢമായി വിശ്വസിക്കുന്നവരാകുകയും ചെയ്തപ്പോൾ അവരിൽനിന്ന് നമ്മുടെ കൽപന അനുസരിച്ച് മാർഗദർശനം നൽകുന്ന നേതാക്കളെ നാം ഉണ്ടാക്കുകയും ചെയ്തു" (ക്വുർആൻ 32:24).

ക്ഷമിക്കുവാനുള്ള കൽപനയും ക്ഷമയുടെ മഹത്ത്വവും ഫലങ്ങളും അറിയിക്കുന്ന വചനങ്ങൾ വേറെയും ധാരാളമാണ്.

"താങ്കൾക്ക് സന്ദേശം നൽകപ്പെടുന്നതിനെ താങ്കൾ പിന്തുടരുക. അല്ലാഹു തീർപ്പു കൽപിക്കുന്നതുവരെ ക്ഷമിക്കുകയും ചെയ്യുക" (ക്വുർആൻ 10:109).

"നീ ക്ഷമിക്കുക. സുകൃതവാന്മാരുടെ പ്രതിഫലം അല്ലാഹു നഷ്ടപ്പെടുത്തിക്കളയുകയില്ല; തീർച്ച" (ക്വുർആൻ 11:115)

"അതിനാൽ നീ ക്ഷമിക്കുക. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു..." (ക്വുർആൻ 40:55).

(ഇമാം ഇബ്നുൽക്വയ്യിമിന്റെ 'ഇദ്ദത്തുസ്സ്വാബിരീൻ' നോക്കുക).

"ആകയാൽ നീ ക്ഷമിക്കുക. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. ദൃഢവിശ്വാസമില്ലാത്ത ആളുകൾ നിനക്ക് ചാഞ്ചല്യം വരുത്താതിരിക്കുകയും ചെയ്യട്ടെ" (ക്വുർആൻ 30:60).

"...നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നപക്ഷം അവരുടെ കുതന്ത്രം നിങ്ങൾക്കൊരു ഉപദ്രവവും വരുത്തുകയില്ല..." (ക്വുർആൻ 3:120).

"(പിന്നീട് അല്ലാഹു വാഗ്ദാനം ചെയ്തു:) അതെ, നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും നിങ്ങളുടെ അടുക്കൽ ശത്രുക്കൾ ഈ നിമിഷത്തിൽ തന്നെ വന്നെത്തുകയുമാണെങ്കിൽ നിങ്ങളുടെ രക്ഷിതാവ് പ്രത്യേക അടയാളമുള്ള അയ്യായിരം മലക്കുകൾ മുഖേന നിങ്ങളെ സഹായിക്കുന്നതാണ്" (ക്വുർആൻ 8:125).

"തീർച്ചയായും ആർ സൂക്ഷ്മത പാലിക്കുകയും ക്ഷമിക്കുകയും ചെയ്യുന്നുവോ ആ സദ്വൃത്തർക്കുള്ള പ്രതിഫലം അല്ലാഹു നഷ്ടപ്പെടുത്തിക്കളയുകയില്ല; തീർച്ച" (ക്വുർആൻ 12:90).

"സഹനവും നമസ്കാരവും മുഖേന (അല്ലാഹുവിന്റെ) സഹായം തേടുക. അത് (നമസ്കാരം) ഭക്തന്മാരല്ലാത്തവർക്ക് വലിയ(പ്രയാസമുള്ള) കാര്യം തന്നെയാകുന്നു" (ക്വുർആൻ 2:45).


"നിങ്ങൾ സഹനവും നമസ്കാരവും മുഖേന (അല്ലാഹുവിനോട്) സഹായം തേടുക. തീർച്ചയായും ക്ഷമിക്കുന്നവരോടൊപ്പമാകുന്നു അല്ലാഹു" (ക്വുർആൻ 2:153).

പ്രവാചകമൊഴികളും ഈ വിഷയത്തിൽ ധാരാളമുണ്ട്. അബൂസഈദിൽ ഖുദ്രി(റ)യിൽ നിന്ന് നിവേദനം: "അൻസ്വാരികളിൽ ചിലർ തിരുദൂതരോട് ചോദിക്കുകയും തിരുദൂതർ അവർക്ക് നൽകുകയും ചെയ്തു. വീണ്ടും അവർ ചോദിക്കുകയും തിരുദൂതർ അവർക്കു നൽകുകയും ചെയ്തു. പിന്നെയും അവർ ചോദിക്കുകയും തിരുദൂതർ അവർക്കു നൽകുകയും ചെയ്തു. അങ്ങനെ തിരുമേനിയുടെ അടുത്തുണ്ടായിരുന്ന സ്വത്ത് തീർന്നു പോയി. തിരുമേനി പറഞ്ഞു: 'എന്റെ അടുക്കലുള്ള ഒരു സ്വത്തും നിങ്ങൾക്കു നൽകാതെ ഞാൻ സംഭരിച്ചു വെക്കുകയില്ല. വല്ലവനും (യാചിക്കാതെ) മാന്യത പുലർത്തിയാൽ അല്ലാഹു അവനു മാന്യത കനിയും. വല്ലവനും (ഇരക്കാതെ) സ്വയംപര്യാപ്തനായാൽ അല്ലാഹു അയാൾക്ക് ധന്യതയേകും. വല്ലവനും അല്ലാഹുവോട് ക്ഷമിക്കുവാനുള്ള തൗഫീകിനു വേണ്ടി തേടിയാൽ അല്ലാഹു അവനു ക്ഷമ എളുപ്പമാക്കിക്കൊടുക്കും. ക്ഷമയോളം വിപുലവും ഉത്തമവുമായ ഒരു സമ്മാനവും ഒരാൾക്കും നൽകപെട്ടിട്ടില്ല"(ബുഖാരി).

അബൂമാലികിൽഅശ്അരിؓയിൽ നിന്നു നിവേദനം. തിരുദൂതർ പറഞ്ഞു: "...വുദൂഅ് ഈമാനിന്റെ പകുതിയാകുന്നു... നമസ്‌കാരം പ്രകാശവും സ്വദക്വ പ്രമാണവും ക്ഷമ വെളിച്ചമാണ്..."(മുസ്‌ലിം).

തിരുദൂതർ പറഞ്ഞു: "ഒരു വിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ. നിശ്ചയം, അവന്റെ കാര്യങ്ങൾ എല്ലാം അവന് നന്മയാണ്. അത് വിശ്വാസിക്കല്ലാതെ മറ്റാർക്കുമില്ല. അവനൊരു നന്മ ലഭിച്ചാൽ അവൻ നന്ദികാണിക്കും. അപ്പോൾ അത് അവന് നന്മയാണ്. അവനൊരു ദുരിതം ബാധിച്ചാൽ അവൻ ക്ഷമിക്കും, അതും അവന് നന്മയാണ്" (മുസ്‌ലിം).

ഉഥ്മാൻ ഇബ്‌നു അഫ്ഫാനിؓൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂലിﷺനെ ഞാൻ ബത്ഹാഇൽ കണ്ടുമുട്ടി. അപ്പോൾ അദ്ദേഹം എന്റെ കൈപിടിച്ചു. അങ്ങനെ ഞാൻ അദ്ദേഹത്തോടൊപ്പം പോയി. തിരുമേനി അമ്മാറിന്റെയും അബൂഅമ്മാറിന്റെയും ഉമ്മുഅമ്മാറിന്റെയും അരികിലൂടെ നടന്നു. അവർ ശിക്ഷിക്കപ്പെടുകയായിരുന്നു. അപ്പോൾ തിരുമേനിﷺ പറഞ്ഞു: 'യാസിറിന്റെ കുടുംബമേ ക്ഷമിക്കുക. കാരണം, നിങ്ങളുടെ മടക്കം സ്വർഗത്തിലേക്കാകുന്നു.'' (അൽബാനിയുടെ ഫിക്വ്ഹുസ്സീറയുടെ തഹ്ക്വീക് നോക്കുക).




അനസ്ؓ പറഞ്ഞു: "ഹാരിഥ ഇബ്‌നു സുറാക്വയുടെ മാതാവായ ഉമ്മുറുബയ്യിഅ് ബിൻത് അൽബറാഅ് നബിﷺയുടെ അടുക്കൽ വന്നു. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, ഹാരിഥയെ കുറിച്ച് നിങ്ങൾ എന്നോട് പറഞ്ഞാലും. (അലക്ഷ്യമായി വന്ന ഒരു അമ്പ് ഹാരിഥക്ക് ഏറ്റിരുന്നു. അദ്ദേഹം ബദ്‌റിൽ കൊല്ലപ്പെടുകയും ചെയ്തു). ഹാരിഥ സ്വർഗത്തിലാണെങ്കിൽ ഞാൻ ക്ഷമിച്ചു. അതല്ലായെങ്കിൽ ഞാൻ അവനു വേണ്ടി വാവിട്ടു കരയും.' തിരുമേനി പറഞ്ഞു: 'ഉമ്മു ഹാരിഥ്, സ്വർഗമല്ല സ്വർഗീയ തോപ്പുകളാണ്. നിശ്ചയം, നിങ്ങളുടെ പുത്രൻ അത്യുന്നതമായ ഫിർദൗസ് നേടിയിരിക്കുന്നു"(ബുഖാരി).

അത്വാഇؓൽ നിന്നും നിവേദനം. ഇബ്‌നു അബ്ബാസ്ؓ എന്നോട് പറഞ്ഞു: "സ്വർഗവാസികളിൽപെട്ട ഒരു സ്ത്രീയെ ഞാൻ താങ്കൾക്ക് കാണിച്ചുതരട്ടെ?' ഞാൻ പറഞ്ഞു: 'അതെ.' അദ്ദേഹം പറഞ്ഞു: 'ഈ കറുത്ത സ്ത്രീയാണ്. അവർ തിരുനബിﷺയുടെ അടുക്കൽ വന്നു. അവർ പറഞ്ഞു: നിശ്ചയം, ഞാൻ വീഴ്ത്തപ്പെടുന്നു. എന്റെ നഗ്നത വെളിവാകുന്നു. അതിനാൽ താങ്കൾ അല്ലാഹുവോട് എനിക്കു വേണ്ടി പ്രാർഥിച്ചാലും.' നബിﷺ പറഞ്ഞു: 'നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ നിങ്ങൾ ക്ഷമിക്കുക. നിങ്ങൾക്ക് സ്വർഗമുണ്ട്. നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ നിങ്ങൾക്ക് സൗഖ്യമേകുവാൻ ഞാൻ അല്ലാഹുവോട് ദുആ ചെയ്യാം.' അവർ പറഞ്ഞു: 'ഞാൻ ക്ഷമിക്കാം.' തുടർന്ന് അവർ പറഞ്ഞു: 'എന്റെ നഗ്നത വെളിവാകാതിരിക്കുവാൻ താങ്കൾ എനിക്കു വേണ്ടി അല്ലാഹുവോട് പ്രാർഥിച്ചാലും.' അപ്പോൾ തിരുമേനി അവർക്കുവേണ്ടി പ്രാർഥിച്ചു"(ബുഖാരി, മുസ്‌ലിം)

"അല്ലാഹു പറയുന്നു: 'എന്റെ ഒരു വിശ്വാസിയായ ദാസൻ, അവന്റെ ഇഹലോകത്തെ ഏറ്റവും ഇഷ്ടക്കാരനെ ഞാൻ (മരണത്തിലൂടെ) പിടികൂടുകയും അയാൾ ക്ഷമിക്കുകയും ചെയ്താൽ അവന് സ്വർഗമല്ലാതെ പ്രതിഫലമില്ല" (ബുഖാരി).

അനസിؓൽനിന്നും നിവേദനം. തിരുദൂതർﷺ പറഞ്ഞു: "നിശ്ചയം, അല്ലാഹു പറഞ്ഞു: എന്റെ ദാസനെ തന്റെ രണ്ടു കണ്ണുകളിൽ ഞാൻ പരീക്ഷിക്കുകയും അവൻ ക്ഷമിക്കുകയും ചെയ്താൽ അവന് അത് രണ്ടിനും പകരമായി ഞാൻ സ്വർഗം നൽകും" (ബുഖാരി).

മുആദ് ഇബ്‌നുജബലിؓൽ നിന്ന് നിവേദനം: "എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനാണെ സത്യം! ഗർഭത്തിൽ വെച്ചു മരണപ്പെട്ട് പുറത്തുവരുന്ന കുഞ്ഞ് തന്റെ പൊക്കിൾകൊടികൊണ്ട് തന്റെ മാതാവിനെ സ്വർഗത്തിലേക്ക് വലിക്കുന്നതാണ്; ആ മാതാവ് ക്ഷമിക്കുകയും അല്ലാഹുവിൽനിന്ന് പ്രതിഫലം കാംക്ഷിക്കുകയും ചെയ്താൽ" (മുസ്‌നദുഅഹ്മദ്. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചു).

ഹിലാൽ സലീം സി.പി
hilalsaleemcpkannur@gmail.com

ലേഖനം




# ജനസംഖ്യ, സാമ്രാജ്യത്വം, ഇസ്‌ലാം

'തുടർച്ചയായ അസത്യപ്രചാരണത്തിലൂടെ ജനങ്ങൾ നിങ്ങളെ വിശ്വാസത്തിലെടുക്കും, അതെത്ര ഭീമാബദ്ധമാണെങ്കിലും!' കാംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ സോഷ്യൽ സൈക്കോളജിസ്റ്റായ വാൻഡർ ലിൻഡന്റെ വാക്കുകളാണിവ. ജനസംഖ്യാ പെരുപ്പത്തെക്കുറിച്ചുള്ള ഭീതിതമായ അന്തരീക്ഷം സൃഷ്ടിക്കുക വഴി തൽപരകക്ഷികൾ തങ്ങളുടെ ഹിഡൻ അജണ്ടകൾ നടപ്പാക്കാൻ ഉപയോഗിക്കുന്നതും ഇതേ സിദ്ധാന്തത്തെ തന്നെയാണ്.

### ജനസംഖ്യ മനുഷ്യരാശിക്ക് ദോഷമോ?

ജനസംഖ്യാ വർധനവ് മനുഷ്യരാശിയെ തിരിഞ്ഞുകൊത്തും എന്ന പ്രചാരണത്തിന് പിന്നിൽ പല കാലങ്ങളിലായി വിവിധ സാമൂഹിക മണ്ഡലങ്ങളിലെ അപ്പോസ്തലന്മാർ അണിനിരന്നിട്ടുണ്ട്. ഇത്തരമൊരു വാദം പരമാബദ്ധമാണെന്നാണ് വസ്തുതകൾ നമ്മോട് പറയുന്നത്. ദരിദ്രരാഷ്ട്രങ്ങളിൽ ജനസംഖ്യാ വിരുദ്ധ പ്രചാരണങ്ങൾ കേന്ദ്ര സാമ്പത്തിക ആസൂത്രണത്തെയും സമ്പദ്ഘടനയെയും ദോഷമായി ബാധിച്ചെങ്കിൽ വൻതോക്കുകൾക്ക് നഷ്ടപ്പെട്ടത് അവരുടെ മനുഷ്യവിഭവ ശേഷിയാണ്. മറുവശത്ത് ഈ പ്രചാരണങ്ങൾ വംശീയ ഉന്മൂലനത്തെ വരെ താത്വികമാ

യി വിശദീകരിച്ചെടുക്കാവുന്ന ആയുധമായും ഉപയോഗപ്പെടുന്നു. ജനസംഖ്യാ നിയന്ത്രണം പൗരസ്വാതന്ത്ര്യത്തിലേക്കുള്ള കടന്നുകയറ്റമാണ്. ചൈനയും ഇന്തോനേഷ്യയും വിയറ്റ്നാമും ഇതിന് സാക്ഷികളാണ്. ഒരു കുടുംബത്തിന് തങ്ങളുടെ അംഗബലം സ്വതന്ത്രമായി തിട്ടപ്പെടുത്താൻ സാധിക്കാതെ വരുന്നു.

അബോർഷൻ ഇന്ത്യയിൽ നിരോധിച്ചത് 1971ലാണ്. പെൺഭ്രൂണഹത്യകളും അതുവഴി സൃഷ്ടിക്കപ്പെടുന്ന സാമൂഹിക അരക്ഷിതാവസ്ഥയുമാണ് അതിന് ഹേതുവായി വർത്തിച്ചത്. എന്നാൽ നിർബന്ധിത അബോർഷന് വേണ്ടി മുറവിളികൂട്ടുന്നവരെ ഇന്ന് നമുക്ക് പൊതുവിൽ കാണുക അസാധ്യമാണ്. 1973 ൽ അമേരിക്കൻ സുപ്രീം കോടതി ജസ്റ്റിസ് പോട്ടർ സ്റ്റെവാട്ടും 1989ൽ ജസ്റ്റിസ് സാന്ദ്രാ ഒ കോണറും അബോർഷന് വേണ്ടി ശബ്ദിച്ചവരാണ്. അതിനവർ ന്യായം പറഞ്ഞതാകട്ടെ, ജനസംഖ്യാപെരുപ്പവും. മാതാപിതാക്കൾ സമ്മതിച്ചില്ലെങ്കിൽ പോലും അബോർഷൻ നടത്തണമെന്നായിരുന്നു സാന്ദ്രാ കോണർ വാദിച്ചിരുന്നത്. സാമൂഹിക സമവാക്യങ്ങൾ പുത്തൻ പഠനങ്ങളിലൂടെ മാറിമറിഞ്ഞതോടെ ഇത്തരക്കാർ അപ്രത്യക്ഷരായി എന്ന് കാണാം.

ജനസംഖ്യാവർധനവ് പ്രകൃതിവിഭവങ്ങളുടെ അഭാവത്തിന് ഹേതുവായി അനന്തരം സമ്പദ്വ്യവസ്ഥയ്ക്ക് പ്രതികൂലമാകുമെന്ന വാദം പോൾ ഏർളിച്ചിനെ പ്രസ്തുത വിഷയത്തിൽ പന്തയത്തിന് വെല്ലുവിളിച്ച ജൂലിയൻ സൈമൺ തന്നെ വസ്തുതകൾ നിരത്തി പൊളിച്ചടക്കുന്നുണ്ട്. 1971ൽ യു.എസ് നാഷണൽ റിസേർച്ച് കൗൺസിലിന്റെയും നാഷണർ അക്കാഡമി ഓഫ് സയൻസിന്റെയും 'ജനസംഖ്യാ വളർച്ചയും സാമ്പത്തിക വികസനവും' എന്ന റിപ്പോർട്ട് പുറത്തുവന്നു. ജനസംഖ്യാ വളർച്ചയെ രൂക്ഷമായി എതിർത്ത പ്രസ്തുത റിപ്പോർട്ട് ആഘോഷിക്കപ്പെട്ടു. എന്നാൽ 1986ൽ പുതിയ റിപ്പോർട്ട് പുറത്തുവന്നതോടെ ആഘോഷങ്ങൾക്ക് അറുതിയായി. അതിൽ ഇങ്ങനെ പരാമർശിക്കുന്നു: 'ജനസംഖ്യാ വർധനവിലൂടെ സംഭവ്യമായേക്കാവുന്ന പ്രകൃതിവിഭവങ്ങളുടെ ക്ഷാമം പലപ്പോഴായി പെരുപ്പിച്ചു കാണിക്കപ്പെടുന്നു.'

പ്രകൃതിവിഭവങ്ങളുടെ ക്ഷാമം പരിഹരിക്കാൻ ജനസംഖ്യക്ക് തടയണ കെട്ടുന്നവർ യാതൊന്നും തെളിവായി നിരത്തുന്നില്ല എന്നതാണ് വാസ്തവം. പ്രഥമദൃഷ്ട്യാ ഇത് തെളിയിക്കപ്പെടുന്നു എന്നതാണ് ഇക്കൂട്ടരുടെ വാദം. ഇത് ബാലിശമാണ്. ഒരു വസ്തുവിന് ക്ഷാമം ബാധിക്കണമെങ്കിൽ ആ വസ്തുവിന്റെ ആകെത്തുക സ്ഥിരീകൃതമായിരിക്കണം. ഇവ്വിഷയത്തിൽ അൽപമെങ്കിലും ധാരണയുള്ളവർ പ്രകൃതിസ്വത്തിന്റെ ആകെയളവ് മനുഷ്യൻ കണ്ടെത്തിയെന്ന് വാദിക്കില്ല. അതിനാൽത്തന്നെ ക്ഷാമത്തെക്കുറിച്ച് സംസാരിക്കുക നമുക്ക് സാധ്യവുമല്ല. എന്താണ് സ്ഥാവരവും ക്ഷാമം നേരിട്ടേക്കാവുന്നതുമായ പ്രകൃതിവിഭവമെന്ന ചോദ്യത്തിന് പ്രസക്തമായ മറുപടി ഏകമാണ്: 'മനുഷ്യൻ.'

ജനസംഖ്യാ വളർച്ച ഭക്ഷ്യമേഖലയിലും ഊർജമേഖലയിലും ക്ഷാമത്തിന് കാരണമാകുമെന്നും മറ്റു ജീവജാലങ്ങളുടെ വംശനശീകരണത്തിലേക്കും പ്രകൃതിമലിനീകരണത്തിലേക്കും ആക്കം കൂട്ടുമെന്നുമുള്ള വാദങ്ങൾ ഉന്നയിക്കപ്പെടുന്നത് കാണാറുണ്ട്. ഇതേപ്പറ്റിയുള്ള പഠനഗവേഷണങ്ങൾ നമുക്ക് ഇത്തരം തെറ്റിദ്ധാരകളിൽ നിന്നും കരകയറാൻ സഹായകമാണ്. മാൽത്തൂസിന്റെ കാലഹരണപ്പെട്ട 'ലോ ഓഫ് ഡിമിനിഷിംഗ് റിട്ടേൺസ്' എന്ന ഉമ്മാക്കി കാട്ടിയാണ് ഇത്തരം വാദങ്ങൾ ഉയർന്നുവരുന്നത്.

## ജനസംഖ്യ, സാമ്രാജ്യത്വം

ലോകപോലീസിന്റെ കോട്ടും സ്യൂട്ടുമിട്ട് റോന്തു ചുറ്റുന്ന അമേരിക്കയിൽ നിന്നും ഭീകരവിരുദ്ധ പ്രവർത്തനങ്ങൾക്കെന്ന പേരിൽ വൻതോതിലുള്ള സാമ്പത്തിക സഹായങ്ങളാണ് പല സർക്കാർ, അർധസർക്കാർ, സർക്കാരിതര സംഘടനകൾക്ക് ലഭിക്കുന്നത്. ഏതൊരു രാഷ്ട്രവും തങ്ങൾക്ക് സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന സഹായങ്ങൾ നൽകാറില്ല, അവ സ്വരാഷ്ട്രത്തിന് മറ്റൊരു വഴിയിൽ ഗുണകരമാകുന്നുണ്ടെങ്കിലല്ലാതെ. കോവിഡ് കാലത്ത് തങ്ങളുടെ പക്ഷം ചേരാതിരുന്ന ലോകാരോഗ്യ സംഘടനയ്ക്കുള്ള സാമ്പത്തിക സഹായം യു.എസ് വെട്ടിക്കുറച്ചതിൽ നിന്ന് ഇക്കാര്യം വ്യക്തമാണ്.

മൂന്നാം ലോകത്തിലെ മനുഷ്യവിഭവശേഷിയെയാണ് യു.എസ് അടക്കമുള്ള സാമ്രാജ്യത്വം ഭീതിയോടെ നോക്കിക്കാണുന്നത് എന്ന് നാം മനസ്സിലാക്കി. മെക്കനൈസേഷന്റെ ആധുനിക യുഗത്തിൽ മനുഷ്യവിഭവശേഷിക്ക് പ്രാധാന്യമില്ലെന്ന വാദം പരാജയമാണെന്ന് ഇതിൽനിന്നും വ്യക്തമാണ്. 1960കളുടെ അവസാന കാലഘട്ടം വരെ തങ്ങളുടെ ഫെഡറൽ പോളിസി അനുസരിച്ച് ജനനനിയന്ത്രണ പ്രക്രിയയിൽ യു.എസ് ഇടപെട്ടിരുന്നില്ല. മാത്രവുമല്ല, നിയന്ത്രണത്തെ അവർ എതിർക്കുകയും ചെയ്തു.

ഇക്കാലയളവിന് ശേഷമാണ് തൽപര രാഷ്ട്രീയ ലക്ഷ്യങ്ങളോടെ ചില സംഘടനകൾ സമൂഹമധ്യത്തിൽ പ്രവർത്തനമാരംഭിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ പുറത്തുവിട്ടതിന് മാർഗരറ്റ് സാംഗർ എന്ന വ്യക്തി തുറുങ്കിലടക്കപ്പെടുകയും ചെയ്തു.

വളരെ ദ്രുതഗതിയിലാണ് പിന്നീട് അമേരിക്കയിൽ വ്യക്തമായ പ്രൊപഗണ്ടയും വൻസാമ്പത്തിക പിൻവാതിൽ സഹായവുമായി പല സംഘടനകളും രംഗപ്രവേശം നടത്തുന്നത്. വൈകാതെ ഇക്കൂട്ടർ യു.എസ് അധികാരത്തിൽ പിടിമുറുക്കുകയും 'യു.എൻ ജനസംഖ്യാ ഫണ്ട് (യു.എൻ.എഫ്.പി.എ)' ആരംഭിക്കുകയും ചെയ്തു. 1970കളിൽ ഇവരോടൊപ്പം സഹകരിച്ച് പ്രവർത്തിക്കുവാൻ പരിസ്ഥിതി പ്രവർത്തകരും രംഗത്തെത്തി. സ്ഥാപിത ലക്ഷ്യത്തിന്റെ സാക്ഷാൽക്കാരത്തിന്നായി 'ഗ്ലോബൽ ടുമാറോ സഖ്യം' രൂപീകരിച്ച ഇവർ വ്യാപകമായി ജനനനിയന്ത്രണ സന്ദേശങ്ങൾ ആഗോള സമൂഹത്തിൽ പ്രചരിപ്പിച്ചു.

ലോകജനസംഖ്യാ പ്രവർത്തനങ്ങൾക്ക് മുഖ്യമായ സാമ്പത്തിക സ്രോതസ്സ് ഇന്നും അമേരിക്കയാണ്. 'ഏജൻസി ഫോർ ഇന്റർനാഷണൽ ഡവലപ്പ്മെന്റ്' (AID) നേരിട്ടും മറ്റു പല സർക്കാരിതര (NGOs) സംവിധാനങ്ങൾ വഴിയുമാണ് സഹായമെത്തിക്കുന്നത്. ഇത് വഴിയാണ് യു.എസിന്റെ സ്ഥാപിത താൽപര്യത്തോടെ മറ്റുപല രാഷ്ട്രങ്ങളിലും ജനനനിയന്ത്രണ നടപടികൾ രഹസ്യമായി നടന്നുവരുന്നത്. 1965ൽ മാത്രം ഏജൻസി ഈ പ്രവൃത്തിക്ക് ചെലവഴിച്ച തുക 100 മില്യൺ യു.എസ് ഡോളറാണ്! മറ്റു രാഷ്ട്രങ്ങൾക്ക് ആരോഗ്യ പരിരക്ഷാരംഗത്ത് നൽകുന്ന സാമ്പത്തിക



സഹായത്തിന്റെ മൂന്നിരട്ടി തുകയാണ് അവന്ധ്യതാനിരക്ക് കമ്മിയാക്കാൻ ഇവർ ചെലവഴിച്ചത്. ഇത്തരം പ്രവർത്തനങ്ങൾക്ക് മുൻനിരയിലുണ്ടായിരുന്ന യു.എൻ.എഫ്.പി.എ.യുടെ പിന്നിൽ സാക്ഷാൽ ഫോർഡും റോക്ക്ഫെല്ലറുമടക്കമുള്ള യു.എസ് കമ്പനികളാണ് എന്നതാണ് വാസ്തവം. 1974ൽ ജനസംഖ്യാ വളർച്ച വികസ്വര രാഷ്ട്രങ്ങളുടെ സാമൂഹിക ഉന്നതിയെയും സമ്പദ്വ്യവസ്ഥയെയും ഏതു രീതിയിൽ ബാധിക്കുമെന്ന രഹസ്യറിപ്പോർട്ട് സി.ഐ.എ, നാഷണൽ സെക്യൂരിറ്റി കൗൺസിൽ, സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഡിഫൻസ് എന്നിവരുടെ മുമ്പാകെ മാസ്റ്റർ പ്ലാനായി അവതരിപ്പിക്കുകയും ചെയ്തു.

പിന്നീടാണ് ജനപ്രിയമായ 'ഫാമിലി പ്ലാനിംഗ്' പ്രോഗ്രാം യു.എസ് മറ്റു രാഷ്ട്രങ്ങൾക്ക് മുമ്പാകെ അവതരിപ്പിക്കുന്നത്. ഇതിനായി വിവിധ തരത്തിൽ സാമ്പത്തിക സഹായങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടു. ഇവ്വിഷയത്തിലുള്ള ഗവേഷണങ്ങൾ പുറത്തിറക്കുന്നത് മുതൽ ജനപ്രിയ ഗാനങ്ങൾ നിർമിച്ച് വരെ പബ്ലിസിറ്റി വർക്കുകൾ എമ്പാടും നടത്തി. എത്രത്തോളമെന്ന് ചോദിച്ചാൽ, ഫാമിലി പ്ലാനിംഗിനെ പിന്തുണക്കുന്ന കീ ചെയിൻ വരെ വിപണിയിലേക്ക് കടന്നുവന്നു. സമൂഹത്തിലെ യുവാക്കളെ ലക്ഷ്യമിട്ടുള്ള ഓറിയന്റേഷൻ പ്രോഗ്രാമുകളും റേഡിയോ, ടെലിവിഷൻ തുടങ്ങിയ അക്കാലത്തെ പുത്തൻ മാധ്യമങ്ങൾ വഴിയും പ്രചാരണങ്ങൾ കൊഴുപ്പിച്ചു. ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ വലിയ തോതിൽ പണം ചെലവഴിച്ചു. നൈജീരിയയിൽ മാത്രം 2 മില്യണാണ് ചെലവഴിച്ചത്. പ്രാദേശിക സംഘടനകളുമായി ഐ.പി.പി.എഫ് അടക്കമുള്ളവ വഴി ബന്ധം സ്ഥാപിച്ചും ഏജൻസി പ്രവർത്തനം വിപുലീകരിച്ചു.

ഇത്രയധികം പണം ചെലവഴിച്ച് ജനനനിയന്ത്രണ, ഫാമിലി പ്ലാനിംഗ് പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകാൻ അമേരിക്കയെ പ്രേരിപ്പിക്കുന്നതെന്താണ്? ലോകത്ത് ഇക്കൂട്ടർ ഉദ്ഘോഷിക്കുന്ന 'സ്ഥിരത'യും ശാന്തിയും നിലനിൽക്കണമെന്ന് ജോർജ് ബുഷിന്റെ അപ്പൂപ്പന്മാർ കരുതിയെന്ന് കരുതാൻ വയ്യ. ഇതേ അമേരിക്കയിൽ ജനനനി

യന്ത്രണ നിയമങ്ങൾ പ്രാബല്യത്തിലില്ല എന്നതും കൂട്ടിവായിക്കുക.

ഇന്ത്യയിലും 1975-77ലെ അടിയന്തിരാവസ്ഥയുടെ കാലഘട്ടത്തിൽ (വിശിഷ്യാ 1976 സെപ്തംബർ) സഞ്ജയ് ഗാന്ധിയുടെ നേതൃത്വത്തിൽ നിർബന്ധിത വന്ധ്യംകരണ പ്രവർത്തനങ്ങൾ നടന്നു. 8.3 മില്യൺ സ്റ്റെറിലൈസേഷൻ റിപ്പോർട്ട് ചെയ്യപ്പെട്ടു. മിക്കവാറും നിർബന്ധിതമായി നടത്തപ്പെട്ടതായിരുന്നു. 1973 മുതൽ 1977 വരെ കേന്ദ്ര ആരോഗ്യ മന്ത്രിയായിരുന്ന കരൺ സിംഗ് ഇക്കാര്യത്തെപ്പറ്റി പറഞ്ഞത് 'മുകളിൽ നിന്നുമുള്ള ഔദ്യോഗികേതര നിർദേശമുണ്ട്' എന്നായിരുന്നു. ഈ പ്രവൃത്തി പലയിടങ്ങളിലും ജനരോഷത്തിന് കാരണമായി. ഇതേക്കുറിച്ച് സർക്കാർ ആരോഗ്യപ്രവർത്തകർ പറഞ്ഞതിങ്ങനെ: 'ഞങ്ങളുടെ ജോലി പോലും ഞങ്ങൾ എത്രപേരെ വന്ധ്യംകരിക്കുന്നു എന്നതുമായി ബന്ധപ്പെട്ടു കിടക്കുന്നു!'




## പോപ്പുലേഷൻ ഇക്കണോമിക്സ്

ജനസംഖ്യാശാസ്ത്രത്തെ (ഡെമോഗ്രഫി) സംബന്ധിച്ച് സാമ്പത്തികശാസ്ത്രത്തിൽ സ്പഷ്ടമായ സിദ്ധാന്തം കാണുക സാധ്യമല്ല. ജനസംഖ്യാ സാമ്പത്തികം വിവിധ ഘടകങ്ങളെ ആശ്രയിക്കുന്നു. ജനസംഖ്യാ മാന്ദ്യം കാരണം ചൈനയിലെ സമ്പദ്വ്യവസ്ഥയ്ക്ക് സംഭവിക്കുന്ന അപചയത്തെ സംബന്ധിച്ചപ്പോൾ ഇക്കാര്യം നാം മനസ്സിലാക്കിയതാണ്. ഓരോ രാഷ്ട്രത്തിന്റെയും പരിസരത്ത് നിലകൊണ്ട് ആപേക്ഷികമായാണ് ജനസംഖ്യാ സാമ്പത്തികം പ്രതികരിക്കുന്നത്. പ്രകൃതിവിഭവങ്ങളുടെ ഉപയോഗം, ജനസംഖ്യാ സംഘടനം തുടങ്ങി പ്രസ്തുത രാഷ്ട്രത്തിന്റെ ആഭ്യന്തര വിക്രയവും കയറ്റുമതിയുമടക്കം ഇവിടെ ഘടകങ്ങളാണ്.

ഇന്ത്യയുടെ കാര്യമെടുക്കാം. ഇന്ത്യയിൽ 81% പേരും ജോലിചെയ്യുന്നത് രേഖാപരമല്ലാത്ത മേഖലയിലാണ്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സർക്കാരിന് സാധിക്കുന്നില്ല എന്നതാണ് യുവജനങ്ങളുടെ പ്രയാസങ്ങൾക്ക് കാരണം. നമ്മുടെ രാജ്യത്ത് ഇക്കാലമത്രയായിട്ടും നിർമാണ മേഖലയും വ്യവസായവും പുഷ്ടിപ്രാപിച്ചിട്ടില്ല എന്നത് വ്യക്തമാണ്. കൂടുതൽ വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുക വഴി നൈപുണ്യമുള്ള യുവതയെ ഒരുക്കിയ ശേഷം അനുയോജ്യമായ തൊഴിൽവീഥികൾ തുറന്നുനൽകാൻ സർക്കാരുകൾക്ക് സാധിക്കുന്നില്ല. ഇന്ത്യയിൽ 15 മുതൽ 64 വരെ പ്രായമുള്ള 'വർക്കിംഗ് ഏജ് ഗ്രൂപ്പി'ന്റെ അംഗബലം കൂടുതലാണ്. സാമ്പത്തിക വിദഗ്ധരുടെ അഭിപ്രായപ്രകാരം ഇത് ഇന്ത്യക്ക് ഏറെ പ്രതീക്ഷ നൽകുന്നതാണ്. എന്നാൽ ഈ ആനുകൂല്യത്തെ സാമ്പത്തിക സുസ്ഥിരതയ്ക്കായി ഉപയോഗപ്പെടുത്താൻ രാജ്യത്തിന് സാധിക്കുന്നില്ല. ഇക്കാര്യങ്ങളെ മറച്ചുവെക്കാൻ യാതൊരു ലജ്ജയുമില്ലാതെയാണ് 'ജനസംഖ്യാ നിയന്ത്രണം' എന്ന കച്ചിത്തുരുമ്പുമായി ഭരണകൂടം രംഗത്തുവരുന്നത്. ജനസംഖ്യാ നിയന്ത്രണത്തിലൂടെയാകട്ടെ, 'വർക്കിംഗ് ഏജ് ഗ്രൂപ്പ്' ചുരുങ്ങുകയും തൽഫലമായി ഈ ആനുകൂല്യം ഇന്ത്യക്ക് നഷ്ടപ്പെടുകയും ചെയ്യും. അതിനാൽത്തന്നെ ഇക്കാര്യമുന്നയിക്കുന്നവർ രാജ്യസ്നേഹികളാണോ രാജ്യദ്രോഹികളാണോ എന്ന തിരഞ്ഞെടുപ്പ് വായനക്കാർക്കായി വിട്ടുനൽകുന്നു.

ജനസംഖ്യ ചുരുങ്ങുന്നതിലൂടെ വിപണിയിൽ സംഭവിക്കുന്ന തിരിച്ചടികൾ പരിശോധിക്കാം. ജനസംഖ്യ കുറയുന്നതിലൂടെ അളവിൽക്കൂടുതൽ വരുന്നവ വാങ്ങാനും മാർക്കറ്റ് ചെയ്യാനും ആളില്ലാതാകുന്നു. അതോടെ രാജ്യം കയറ്റുമതിയിലേക്ക് തിരിയും. എന്നാൽ അന്തർദേശീയമായ കൈമാറ്റങ്ങൾ ഒരുപരിധി വരെ പ്രസ്തുത രാഷ്ട്രത്തിന്റെ ശേഷിയെയും സാമർഥ്യത്തെയും ആശ്രയിച്ചിരിക്കും. ഇതോടെ ആഭ്യന്തര ബിസിനസ്സുകൾ നിലംപൊത്തു

കയും തൊഴിൽരഹിതർ സൃഷ്ടിക്കപ്പെടുകയും വൈകാതെ അരാജകത്വത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യും. സർക്കാരിനും ഇതുവഴി നഷ്ടം ഏറെയാണ്. ബിസിനസ്സുകൾ പൊളിയുന്നതോടെ നികുതി വരവും വരുമാനവും കുറയുകയും ചെയ്യും. ഒരു രാഷ്ട്രത്തിന്റെ ഉന്നമനം ആ രാജ്യത്തെ യുവതയിലാണ് നിക്ഷിപ്തമായിട്ടുള്ളത്. യുവജനതയുടെ കുറവ് നൂതനവും നവീനവുമായ ആശയങ്ങൾ ഉയർന്നുവരുന്നത് കുറയ്ക്കുകയും ചെയ്യുന്നു. സൈനികമേഖലയിലും ജനസംഖ്യാ നിയന്ത്രണം വഴി പ്രയാസങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

## തലപ്പെരുപ്പവും ഇസ്‌ലാംഭീതിയും

'താത്താമാർ പന്നി പെറുംപോലെ പെറ്റുകൂട്ടുക തന്നെ ചെയ്യും. എങ്ങനെയെങ്കിലും പെരുത്ത് ലോകം പിടിച്ചടക്കേണ്ടതാണല്ലോ. പൈപ്പ് വെള്ളത്തിൽ ഗർഭനിരോധന മരുന്ന് കലക്കിവിടുകയോ മറ്റോ വേണ്ടിവരും, നിങ്ങളിൽ നിന്ന് ഈ ഭൂമി രക്ഷപ്പെടാൻ.'

'സ്ത്രൈണ കാമസൂത്ര'യും 'മലയാളി ലൈംഗികത'യും എഴുതിയ ആകാശവാണിയിലെ ഒരു പ്രോഗ്രാം എക്സിക്യൂട്ടീവ് മുസ്‌ലിം സ്ത്രീജനങ്ങളെക്കുറിച്ച് ഇങ്ങനെ സാമൂഹ്യമാധ്യമങ്ങളിൽ കുറിച്ചാൽ അതത്ര പ്രശ്നമാക്കേണ്ടതുണ്ടോ? അതവരുടെ ജന്മസിദ്ധിയോ പാരമ്പര്യമഹിമയോ ആകാവുന്നതേയുള്ളൂ. എന്നാൽ ഒരുപാട് ഇത്തരത്തിലുള്ള ഇന്ദിരമാർ രംഗത്ത് വരുമ്പോൾ അവഗണനയല്ല ഭൂഷണം. ഇത്തരം ആരോപണങ്ങൾ താത്താമാരോടുള്ള വെറുപ്പാണോ അതോ കാക്കാമാരോടുള്ള അസൂയയാണോ എന്ന വിഷയം തൽക്കാലം നമുക്ക് മറക്കാം.

മുസ്‌ലിംകൾ സുപ്രധാന ന്യൂനപക്ഷങ്ങളാവുകയോ മുസ്‌ലിം കുടിയേറ്റമുള്ളതോ ആയ രാഷ്ട്രീയത്തിലെ വംശവെറിയുടെ അന്യംനിൽക്കാത്ത വില കുറഞ്ഞ ആരോപണമാണ് മുസ്‌ലിം സ്ത്രീകളുടെ ഗർഭധാരണം. ഇതിനുള്ള ഉത്തമോദാഹരണമാണ് മ്യാന്മർ. 2013ലാണ് മ്യാന്മറിൽ ഏകപക്ഷീയമായി മുസ്‌ലിംകൾക്ക് വേണ്ടി മാത്രമായി ഒറ്റക്കുട്ടി നയം പ്രഖ്യാപിക്കുന്നത്. മ്യാന്മറിലെ അധികാരികളും ബുദ്ധിസ്റ്റ് യോഗിമാരായ ഭീകരവാദികളും റോഹിങ്ക്യ മുസ്‌ലിംകളെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ സമൂഹത്തിൽ ഇടതടവില്ലാതെ പടർത്താൻ മത്സരിച്ചു. ഭൂരഹിതരായ റോഹിങ്ക്യകൾ വസിക്കുന്ന പടിഞ്ഞാറൻ റാഖൈൻ സ്റ്റേറ്റിലെ അധികാരിയായ വിൻ മ്യാങ് തട്ടിവിട്ടത് റോഹിങ്ക്യൻ മുസ്‌ലിംകൾ ബുദ്ധിസ്റ്റുകളെക്കാൾ പത്തിരട്ടി വേഗത്തിൽ ജനസംഖ്യാ വളർച്ചയിൽ മുന്നിലാണ് എന്നായിരുന്നു! 'മുസ്‌ലിം ഫ്രീ' ആയി പ്രഖ്യാപിക്കപ്പെട്ട യങ്കൻ സ്റ്റേറ്റിന്റെ അഡ്മിനിസ്ട്രേറ്റർ പറയുന്നത് കാണുക: 'അവർക്ക് (റോഹിങ്ക്യകൾ) ഇവിടെ പ്രവേശനമില്ല. അവർ അക്രമകാരികളും പെറ്റുകൂട്ടുന്നവരുമാണ്'. മ്യാന്മറിലെ ഇമിഗ്രേഷൻ മിനിസ്ട്രിയുടെ ആപ്തവാക്യം തന്നെ അവരുടെ ഇസ്‌ലാമോഫോബിയയുടെ തീവ്രത വരച്ചുകാട്ടുന്നതാണ്: "The Earth will not swallow a race to extinction, but another (race) will'.

എന്നാൽ വസ്തുതകൾ പരിശോധിക്കുമ്പോൾ നമുക്ക് മുന്നിൽ തെളിഞ്ഞുവരുന്നത് മറ്റൊരു ചിത്രമാണ്, തികട്ടി വരുന്നത് ഈ നരാധമന്മാരോടുള്ള അരിശവും. 2013ൽ പുറത്തുവിട്ട ഒരു പഠനമനുസരിച്ച് 1950 മുതൽ തന്നെ മ്യാന്മറിൽ നിന്നും റോഹിങ്ക്യൻ മുസ്‌ലിംകളുടെ പലായനം ഉണ്ടായിട്ടുണ്ട്. മാത്രവുമല്ല, മ്യാന്മറിലെ മുസ്‌ലിം ജനസംഖ്യയിൽ ഏറ്റക്കുറച്ചിൽ സംഭവ്യമാണെങ്കിലും ശരാശരി 4% മാത്രമാണ്. ഈ കണക്ക് ലഭിക്കുന്നതാകട്ടെ, മ്യാന്മറിന്റെ സ്വന്തം സെൻസസിൽ നിന്നും. ന്യൂനപക്ഷത്തിനെതിരെ ദുരാരോപണങ്ങൾ ഉന്നയിക്കപ്പെടുന്ന അവസ്ഥ ഇന്ന് ഇന്ത്യയിലും ഭീകരാന്തരീക്ഷം സൃഷ്ടിക്കപ്പെടാൻ കാരണമാകുന്നു. ന്യൂനപക്ഷം ജനസംഖ്യാക്കണക്കിൽ ഭൂരിപക്ഷത്തെ മറികടക്കുമെന്ന പ്രചാരണമാണ് വംശവെറിക്ക് നിദാനം. അസംഭവ്യവും അവിവേകപൂർണവുമായ ഇത്തരം വാദങ്ങൾ ഇന്ത്യയിൽ വിദ്യാഭ്യാസമില്ലാത്ത ജനങ്ങൾക്കിടയിൽ വ്യാപകമായി പ്രചരിക്കപ്പെടുന്നു.

ഫ്രാൻസ്, ജർമനി, യു.കെ, നെതർലാൻഡ്സ് തുടങ്ങിയ യൂറോപ്യൻ രാഷ്ട്രങ്ങളിലും ഈ വാദം ഉയരുന്നു. കുടിയേറ്റ വിരുദ്ധതയുടെ ആശയങ്ങൾ കുടിയേറുന്ന വംശങ്ങളുടെ ജനസംഖ്യാ വളർച്ചയുടെ തോത് കാട്ടി പ്രചരിപ്പിക്കപ്പെടുന്നു. ഇതാകട്ടെ, തീർത്തും തെറ്റിദ്ധാരണാജനകമാണ്. 10% മാത്രമാണ് ഇന്ന് യൂറോപ്യൻ രാഷ്ട്രങ്ങളിൽ മുസ്‌ലിം ജനസംഖ്യ (തുർക്കിയെ ഉൾപ്പെടുത്തിയുള്ള കണക്ക്). ഫ്രാൻസിൽ 7.5% പേർ മുസ്‌ലിംകളാണ്. എന്നാൽ 'അറ്റ്ലാന്റിക്' റിപ്പോർട്ട് പ്രകാരം ഫ്രാൻസിലെ പൗരന്മാർ കരുതുന്നത് തങ്ങളുടെ രാഷ്ട്രത്തിലെ മൂന്നിലൊന്ന് പേർ മുസ്‌ലിംകളാണ് എന്നാണ്. കുടിയേറ്റമുസ്‌ലിം വിരുദ്ധ പ്രചരണങ്ങൾ സമൂഹത്തെ എങ്ങനെ ഗ്രസിക്കുന്നു എന്ന് ഇവിടെ വ്യക്തമാണ്.

അൻഷാദ് ഇബ്നു യഅ്ക്വൂബ്
anshadyacoob@gmail.com

ലേഖനം

# നവ വിദ്യാർഥിത്വം

ഇടവപ്പാതി കനത്തുപെയ്യുമ്പോഴും നിവർത്തിയ കുടയ്ക്കുള്ളിൽ ചേർത്തുപിടിച്ച് അക്ഷരമുറ്റത്തേക്ക് നമ്മെ കൊണ്ടുചെന്നാക്കിയപ്പോൾ നമ്മുടെ പിതാവിന്റെ മനസ്സിൽ ഒരുപാട് സ്വപ്നങ്ങൾ ഉണ്ടായിരുന്നിരിക്കും. പ്രായം തളർത്തുന്ന സമയത്ത് പ്രശ്നങ്ങളും പ്രതിസന്ധികളും പേമാരി കണക്കെ പെയ്യുമ്പോൾ ഒരു കുടയുമായി ചേർത്തുപിടിക്കാൻ നമ്മളുണ്ടാകുമെന്നവർ കരുതിക്കാണണം.

ഇന്നത്തെ കലുഷിതമായ സാഹചര്യത്തിൽ ഒരു വിദ്യാർഥി എന്ന നിലയിൽ മാതാപിതാക്കളോട്, സമൂഹത്തോട്, രാജ്യത്തോട് നീതി പുലർത്താൻ നമുക്ക് സാധിക്കുന്നുണ്ടോ? ചിന്തിക്കേണ്ട വിഷയമാണ്.

ഇന്ന് 'ഞാൻ' ഞാനാണ്. ഞാൻ എന്ന് പറയുമ്പോൾ കലാലയത്തിലെ പടർന്നുപന്തലിച്ച മരങ്ങളെ ഓർക്കണം. കൊഴിയുന്ന ഇലകളെ നോക്കി മുന്നോട്ടു കുതിക്കാൻ മറക്കരുതെന്ന് അവ പ്രഖ്യാപിക്കുന്നപോലെ തോന്നും. അതിന്റെ പ്രതിധ്വനി ഇന്നും ഓരോ ചുമരിലും കേൾക്കാം. ലഹരിയുടെയും അശ്ലീലതയുടെയും വാഹകരായി സ്വബോധം നഷ്ടപ്പെട്ട, സംഗീതത്തിന്റെ മാസ്മരികതയിൽ ലക്ഷ്യം മറന്ന, നഷ്ടപ്രണയത്തിന്റെ വേദനയിൽ തൂങ്ങിയാടുന്ന ഒരുപാട് ജീവിതങ്ങളെ ചുമരുകൾക്കിടയിൽ കാണാം. ലക്ഷ്യത്തിലേക്ക് കുതിച്ചെത്തിയ ആളുകളെ മാത്രമെ സമൂഹം ഓർത്തിട്ടുള്ളൂ, അവർ മാത്രമെ ചർച്ചയായിട്ടുള്ളൂ.

എന്നാൽ നമ്മുടെ ഓരോ കലാലയത്തിനും നമ്മോട് കുറെയേറെ പറയാനുണ്ട്, അവിടുത്തെ ആളൊഴിഞ്ഞ വരാന്തകൾക്കും ക്ലാസ്സ് മുറികൾക്കും ഓരോ ചുമരിനും ഒരുപാടനുഭവങ്ങൾ നമ്മോട് പങ്കുവയ്ക്കുവാനുണ്ട്. ഒരുപാട് പ്രതീക്ഷകളും സ്വപ്നങ്ങളുമായി പലരും നമ്മെ പോലെ ആ ക്ലാസ്സ് മുറികളിലുണ്ടായിരുന്നു. അവരുടെ ശബ്ദങ്ങൾ, ആശയങ്ങൾ ജനാലകൾക്കിടയിലൂടെ അന്തരീക്ഷത്തെ ശബ്ദമുഖരിതമാക്കിയിട്ടുണ്ട്. എന്നാൽ പലപ്പോഴും അവരുടെ കൂട്ടുകെട്ടുകൾ, അവരുടെ നിലപാടുകൾ അവരെ നയിച്ചത് ലഹരിയുടെയും അക്രമ രാഷ്ട്രീയത്തിന്റെയും ലോകത്തേക്കായിരുന്നു. പലരെയും നയിച്ചത് 'പരിശുദ്ധ പ്രണയത്തിന്റെ' വക്താക്കളായി സ്വയം പ്രഖ്യാപിച്ച് ഒരുമുഴം കയറിൽ തൂങ്ങിയാടുന്ന അവസ്ഥയിലേക്കായിരുന്നു. അതാണ് ഹീറോയിസമെന്ന് അവർ സ്വയം മനസ്സിനെ പറഞ്ഞു പഠിപ്പിച്ചു.

കലാലയ ജീവിതം കഴിഞ്ഞ് പടിയിറങ്ങുമ്പോൾ നേട്ടത്തിന്റെയും കോട്ടത്തിന്റെയും പൊലിഞ്ഞ ജീവിതങ്ങളുടെയും കണക്കെടുപ്പിൽ നിറഞ്ഞുനിന്നത് ഹീറോയിസമെന്ന് കരുതിയ പലതുമായിരുന്നു. പക്ഷേ, തിരിച്ചറിയാൻ, ഒരു മാറ്റം വരുത്താൻ ഇനിയൊരു അവസരമില്ലെന്ന യാഥാർഥ്യം മാത്രം ബാക്കിയായി. കലാലയജീവിതം നമ്മുടെ ജീവിതത്തിലെ ഒരു വസന്തകാലമാണ്, അത് നാം തിരിച്ചറിയണം, ആസ്വദിക്കണം. നമ്മുടെ കണ്ണും കാതും തുറന്ന് വയ്ക്കണം. നാടിന്റെ നന്മയ്കായി തൂലികകൾ ചലിക്കണം, നമ്മുടെ നിലപാടുകൾ സമൂഹമറിയണം, നന്മയുടെ വസന്തത്തിനായി ഒത്തുചേരണം. അന്തരീക്ഷം വീണ്ടും ശബ്ദമുഖരിതമാവണം. തിന്മയുടെ കുത്തൊഴുക്കിനെ ആശയങ്ങൾ കൊണ്ട്, നിലപാടുകൾ കൊണ്ട് ചെറുത്തു തോൽപിക്കാൻ സാധിക്കണം. അതുകൊണ്ടാണ് പലരും പറഞ്ഞുവച്ചത് നാടിന്റെ ആത്മാവും നട്ടെല്ലും വിദ്യാർഥികളാണെന്ന്.

വിദ്യാർഥികൾ എന്ന നിലയ്ക്ക് നമ്മുടെ ഉത്തരവാദിത്തമെന്താണ്? നഷ്ടപ്രണയത്തിന്റെ ഭാണ്ഡം ചുമക്കലാണോ? ലഹരിയുടെയും അശ്ലീലതയുടെയും മായാലോകത്ത് ലക്ഷ്യം മറന്ന് അലഞ്ഞുതിരിയലാണോ? ഇതൊന്നുമല്ലെങ്കിൽ ഒരു മനുഷ്യൻ എന്ന നിലയ്ക്ക്, വിദ്യാർഥിയെന്ന നിലയ്ക്ക് മാതാപിതാക്കളോടും ഈ സമൂഹത്തോടും രാജ്യത്തോടും നമുക്കുള്ള ബാധ്യതകളെന്താണ്? നാം ചിന്തിച്ചിട്ടുണ്ടോ? മാറണം, നന്മ തിന്മകളെ വേർതിരിച്ച് മനസ്സിലാക്കാൻ സാധിക്കണം. നന്മയുടെ മാർഗത്തിൽ ഒത്തുകൂടാൻ സാധിക്കണം. തിന്മയുടെ പാതയിലേക്ക് വഴിതെറ്റിയ നമ്മുടെ സഹോദരങ്ങളെ സ്നേഹത്തിന്റെ ഭാഷയിൽ തിരിച്ചുവിളിക്കാൻ നമുക്ക് കഴിയണം. അതെ, നമ്മെക്കുറിച്ച് നമ്മുടെ കുടുംബത്തിനും സമൂഹത്തിനും രാജ്യത്തിനും ഒരുപാട് സ്വപ്നങ്ങളുണ്ട്, പ്രതീക്ഷകളുണ്ട്. പ്രതീക്ഷകളും സ്വപ്നങ്ങളും ബാക്കിവച്ച് ഈ ലോകത്തോട് വിടപറയുമ്പോൾ കുടുംബത്തിനും സമൂഹത്തിനും രാജ്യത്തിനും നമ്മെക്കുറിച്ച് ഒരുപാട് പറയുവാനുണ്ടാവും. കലാലയ ജീവിതത്തെ നമ്മുടെ വസന്തകാലമാക്കേണ്ടത് നാം തന്നെയാണ്.

അബൂഫായിദ
mail@nerpatham.com



# വിശ്വാസത്തിന്റെ കരുത്ത്

**അബൂബക്കർ(റ) പറയുന്നു: "ഞങ്ങൾ സൗർ ഗുഹയിലായിരിക്കെ തലക്കുമുകളിലൂടെ നടന്നു നീങ്ങുന്ന മുശ്‌രിക്കുകളുടെ പാദങ്ങൾ ഞാൻ കണ്ടിരുന്നു. അന്നേരം അല്ലാഹുവിന്റെ 'ദൂതരേ, അവരാരെങ്കിലും പാദങ്ങൾക്കു ചുവട്ടിലൂടെ നോക്കിയാൽ നമ്മെ കണ്ടെത്തുമല്ലോ' എന്നു ഞാൻ പറഞ്ഞു. അപ്പോൾ പ്രവാചകൻ(സ) പറഞ്ഞു: 'അബൂബക്കർ! മൂന്നാമനായി അല്ലാഹു കൂടെയുള്ള രണ്ടാളുകളെ കുറിച്ച് താങ്കളുടെ വിചാരമെന്താണ്?' (ബുഖാരി, മുസ്‌ലിം).**

ദൈവചിന്തയാൽ സജീവമായിരിക്കണം വിശ്വാസിയുടെ മനസ്സ്. അവന്റെ അനുശാസനകൾ പാലിച്ച് എത്രത്തോളം അവന്റെ പ്രീതി നേടാൻ ശ്രമിക്കുന്നുവോ അത്രകണ്ട് അവൻ തന്റെ ദാസനോട് അടുക്കും.

വിശ്വാസ കാര്യങ്ങളിൽ ഒന്നാമത്തേതാണല്ലോ അല്ലാഹുവിലുള്ള വിശ്വാസം. അത് കേവലമായ വിശ്വാസത്തിൽ ഒതുക്കേണ്ടതല്ല. അവന്റെ ഏകത്വത്തിലുള്ള ഉള്ളറിഞ്ഞ ദൃഢബോധം, അവൻ അനാദിയും അനന്തനും പ്രപഞ്ചസ്രഷ്ടാവും വിധാതാവും പരിപാലകനുമാണ് എന്ന അറിവും ഓർമയും, തനിക്ക് ജന്മവും ജീവിതവും മരണവും സുഖവും ദുഃഖവും രോഗവും ആരോഗ്യവും ക്ഷേമവും ക്ഷാമവും ആപത്തും അനുഗ്രഹവുമെല്ലാം നൽകുന്നത് ഏകനായ അല്ലാഹുവാണെന്ന നിതാന്ത ബോധവും വിശ്വാസിക്കുണ്ടായിരിക്കണം. അപ്പോൾ അവന്റെയുള്ളിൽ ശുഭപ്രതീക്ഷ വളരും. അല്ലാഹുവിന്റെ സാമീപ്യം ലഭിക്കുവാനുള്ള അടങ്ങാത്ത താൽപര്യവുമുണ്ടായിത്തീരും. അതവനെ കർമനിരതനാക്കും. ദുരിത ഘട്ടത്തിൽ അവൻ നിരാശനാകില്ല. അല്ലാഹുവിനോട് മാത്രം അവൻ വിളിച്ചു പ്രാർഥിക്കും. തന്റെ കാര്യത്തിൽ അല്ലാഹു നിശ്ചയിച്ചുവെച്ചതിനപ്പുറം യാതൊന്നും സംഭവിക്കില്ലെന്ന ബോധം അവനിൽ ദൃഢമാകും. അത് ധൈര്യവും പ്രത്യാശയും നൽകും. അത്തരക്കാർക്ക് പ്രയാസഘട്ടങ്ങളിൽ പരിഭ്രാന്തിയുണ്ടാകില്ല. ആലസ്യവും നൈരാശ്യവും അവരെ പൊതിയുകയില്ല. ജീവസ്സുറ്റ, കർമനിരതമായ, അന്തസ്സും നിർഭയത്വവുമുള്ള വിഭാഗമാകും അവർ.

നബി(സ)യും അബൂബകർ(റ)വും ഹിജ്‌റയുടെ വേളയിൽ ഒളിച്ചിരുന്ന ഥൗർഗുഹയുടെ അടുത്തെത്തിയ ശത്രുക്കൾക്ക് ഗുഹയിലേക്കൊന്ന് പാളിനോക്കാൻ തോന്നിയില്ല. നോക്കിയാൽ അവരെ കണ്ടെത്തിയേനെ. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസം, അവനിലുള്ള തവക്കുൽ അവരെ രക്ഷിച്ചു. സ്രഷ്ടാവിൽ ഭരമേൽപിച്ചവർ പിന്നെന്തു ഭയപ്പെടാൻ!

അല്ലാഹുവിൽ ഭരമേൽപിക്കാത്തവർക്ക് നിരാശയായിരിക്കും അത്യന്തിക ഫലം. ഭയം അവരെ വലയം ചെയ്തിരിക്കും. അപകർഷതാബോധവും കർമവൈമുഖ്യവും അവരെ പിന്തുടർന്നുകൊണ്ടിരിക്കും. അതുകൊണ്ടു തന്നെ വിശുദ്ധ ക്വുർആനിൽ ധാരാളം സ്ഥലങ്ങളിൽ അല്ലാഹുവിൽ ഭരമേൽപിക്കാനുള്ള കൽപന കാണാം.

"അല്ലാഹുവെ പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചു കേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് വിശ്വാസികൾ" (8:2).

അനസി(റ)ൽ നിന്ന്. നബി(സ) പറഞ്ഞു: "ആരെങ്കിലും തന്റെ വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ 'അല്ലാഹുവിന്റെ നാമത്തിൽ. ഞാൻ അല്ലാഹുവിൽ ഭരമേൽപിച്ചിരിക്കുന്നു. അല്ലാഹുവിൽ നിന്നല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല' എന്നു പറഞ്ഞാൽ (മലക്കുകൾ വഴി) പറയപ്പെടും: 'നീ സന്മാർഗം പ്രാപിച്ചിരിക്കുന്നു. നീ സംരക്ഷിക്കപ്പെട്ടിരിക്കുന്നു.' പിശാച് അവനിൽ നിന്ന് അകന്നു പോകുകയും ചെയ്യും" (അബൂദാവൂദ്, തിർമുദി).

ശമീർ മദീനി
shameermadeeni@gmail.com





# കുഞ്ഞ് ജനിച്ചാൽ

സന്താനമോഹം മനുഷ്യസഹജമാണ്. പ്രവാചകന്മാർ പോലും അതിനായി കൊതിക്കുകയും പ്രാർഥിക്കുകയും ചെയ്തിട്ടുണ്ട്. മഹാനായ ഇബ്റാഹീം നബി عليه السلام പ്രാർഥിച്ചത് ക്വുർആൻ നമുക്ക് പറഞ്ഞുതരുന്നു.

"എന്റെ രക്ഷിതാവേ, സദ്വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ"(ക്വുർആൻ 37:100).

സകരിയ്യാ നബി عليه السلام നടത്തിയ പ്രാർഥന ഇങ്ങനെയാണ്: "...എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാണല്ലോ എന്ന് അദ്ദേഹം പറഞ്ഞു" (ക്വുർആൻ 3:38).

മക്കളുണ്ടാകുന്നത് വലിയ അനുഗ്രഹമാണ്. എന്നാൽ അതിന്റെ മഹത്ത്വമറിയാത്തതുകൊണ്ടും മറ്റുപല തെറ്റുധാരണകൾ കൊണ്ടും മക്കൾ അധികരിക്കുന്നത് വലിയ നാണക്കേടാണ് പലർക്കുമിന്ന്. അത് എന്തോ വലിയ അപരാധം പോലെയാണ് പൊതുവിൽ പലരും ധരിച്ചുവച്ചിരിക്കുന്നത്. അതുകൊണ്ട് തന്നെ 'അബോർഷനു' കളുടെയും (ഗർഭഛിദ്രം) ശിശുഹത്യകളുടെയും ബാല പീഡനങ്ങളുടെയും എണ്ണം വർധിച്ചു കൊണ്ടിരിക്കുകയാണിന്ന്.

അതേസമയം ഒരു കുഞ്ഞ് പിറന്ന് കാണുവാനുള്ള ആഗ്രഹത്തിന്റെ പേരിൽ കുറെയേറെ വിഷമങ്ങൾ സഹിച്ചുള്ള ചികിത്സകളും നിയന്ത്രണങ്ങളുമൊക്കെ പാലിക്കുന്ന ചിലരെയും മറുവശത്ത് കാണാം. ആഗ്രഹവും പരിശ്രമങ്ങളും പ്രാർഥനകളും ഒക്കെയുണ്ടായിട്ടും മക്കളില്ലാത്തതിന്റെ സ്വകാര്യ ദുഃഖവും പേറി നടക്കുന്ന എത്രയോ ആളുകൾ! അവിടെയും ചിലരുടെ ചുവടുകൾ തെറ്റാറുണ്ട്. പിശാചിന്റെ കെണിയിൽ പെട്ട് ആത്യന്തിക പരാജയത്തിന്റെ പടുകുഴികളിലേക്ക് ആപതിക്കാറുമുണ്ട്. പലരുടെയും ഉപദേശങ്ങൾ കേട്ട്, അതിന്റെ മതപരമായ വിധിവിലക്കുകളൊന്നും അന്വേഷിക്കാനോ പിൻപറ്റാനോ തയ്യാറാകാതെ ശിർക്കിന്റെയും (ബഹുദൈവത്വം) മറ്റു തിന്മകളുടെയും വഴി സ്വീകരിച്ച് ആഗ്രഹ സഫലീകരണത്തിനായി ശ്രമിക്കാറുണ്ട്. സത്യത്തിൽ നമ്മുടെ വിശ്വാസത്തിന്റെയും 'തൗഹീദി'ന്റെയും 'തവക്കുലി'ന്റെയുമൊക്കെ ശരിയായ ആദർശം തെളിഞ്ഞ് ജ്വലിച്ച് നിൽക്കേണ്ട രംഗമാണതൊക്കെ. മേൽപറഞ്ഞ പ്രവാചകന്മാരുടെ ജീവിതം നമുക്ക് സ്ഥൈര്യവും ധൈര്യവും പകരുന്ന മാതൃകകളാവണം.

ഈ രംഗത്ത് മനുഷ്യരിൽ ചിലർ ചെയ്തുകൂട്ടുന്ന നന്ദികേടിന്റെ ഒരു രൂപം അല്ലാഹു തന്നെ വിശദമാക്കിയിട്ടുണ്ട്: "ഒരൊറ്റ സത്തയിൽ നിന്ന് തന്നെ നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കിയവനാണവൻ. അതിൽ നിന്ന് തന്നെ അതിന്റെ ഇണയെയും അവനുണ്ടാക്കി. അവളോടൊത്ത് അവൻ സമാധാനമടയുവാൻ വേണ്ടി. അങ്ങനെ അവൻ അവളെ പ്രാപിച്ചപ്പോൾ അവൾ ലഘുവായ ഒരു (ഗർഭ)ഭാരം വഹിച്ചു. എന്നിട്ട് അവളതുമായി നടന്നു. തുടർന്ന് അവൾക്ക് ഭാരം കൂടിയപ്പോൾ അവർ ഇരുവരും അവരുടെ രക്ഷിതാവായ അല്ലാഹുവോട് പ്രാർഥിച്ചു. ഞങ്ങൾക്കു നീ ഒരു നല്ല സന്താനത്തെ തരികയാണെങ്കിൽ തീർച്ചയായും ഞങ്ങൾ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കും. അങ്ങനെ അവൻ (അല്ലാഹു) അവർക്കൊരു നല്ല സന്താനത്തെ നൽകിയപ്പോൾ അവർക്കവൻ നൽകിയതിൽ അവർ അവന്ന് പങ്കുകാരെ ഏർപ്പെടുത്തി. എന്നാൽ അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു ഉന്നതനായിരിക്കുന്നു. അവർ പങ്കുചേർക്കുന്നത് യാതൊന്നും സൃഷ്ടിക്കാത്തവരെയാണോ? അവർ (ആ ആരാധ്യർ) തന്നെ സൃഷ്ടിച്ചുണ്ടാക്കപ്പെടുന്നവരുമാണ്. അവർക്കൊരു സഹായവും ചെയ്യാൻ അവർക്ക് (പങ്കാളികൾക്ക്) സാധിക്കുകയില്ല. സ്വദേഹങ്ങൾക്കു തന്നെ അവർ സഹായം ചെയ്യുന്നതുമല്ല" (ക്വുർആൻ 7:189-192).

വേറെ ചിലർ ജനിച്ച കുഞ്ഞ് പെണ്ണായതിന്റെ പേരിൽ അസ്വസ്ഥത പ്രകടിപ്പിക്കാറുണ്ട്. രണ്ടും മൂന്നും കഴിഞ്ഞ് നാലാമത്തേതും പെണ്ണായിപ്പോയി എന്നതിന്റെ പേരിൽ കുടുംബവഴക്കുകയും ലഹളകളും അവസാനം വിവാഹമോചനം വരെയും അതിന്റെ പേരിൽ നടന്ന സംഭവങ്ങളുണ്ട്.

ചിലർ ഗർഭാവസ്ഥയിൽ തന്നെ ലിംഗ നിർണയം നടത്തി ജനിക്കാനുള്ള അവസരം തന്നെ നിഷേധിക്കുന്ന സ്ഥിതിയുമുണ്ട്. ഗുരുതര പാതകമാണ് ആ ചെയ്യുന്നതെന്ന് പ്രത്യേകം പറയേണ്ടതില്ല. അല്ലാഹുവിന്റെ ദാനത്തിലും തീരുമാനത്തിലും ദേഷ്യവും വെറുപ്പും അസ്വസ്ഥതയുമല്ല ഒരു യഥാർഥ വിശ്വാസിക്കുണ്ടാവേണ്ടത്.

അല്ലാഹു പറയുന്നത് കാണുക: "അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തിക്കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു" (ക്വുർആൻ 42:49,50).

ഇവിടെ പെൺകുട്ടിയെ മുന്തിച്ചു പറഞ്ഞത് പ്രത്യേകം ശ്രദ്ധേയമാണ്. ആളുകളുടെ ഇഷ്ടമല്ല; അല്ലാഹുവിന്റെ തീരുമാനമാണ് അതിൽ നടപ്പാക്കുന്നത് എന്ന ഓർമപ്പെടുത്തലാണത്. പെൺകുട്ടികളെ സംരക്ഷിച്ചു വളർത്തി വലുതാക്കി മാന്യമായി വിവാഹം ചെയ്തയക്കൽ മഹത്തായ പുണ്യമായിട്ടാണ് നബിﷺ പഠിപ്പിച്ചത്.

നബിﷺ പറഞ്ഞു: "ആരെങ്കിലും രണ്ട് പെൺകുട്ടികളെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിച്ചാൽ പരലോകത്ത് അയാൾ എന്നോടൊപ്പമായിരിക്കും" (മുസ്‌ലിം).

പ്രവാചകനോടൊപ്പമുള്ള സഹവാസത്തിന് അർഹമാക്കുന്ന മഹനീയ കർമമാണ് പെൺകുട്ടികളെ വളർത്തലെന്ന് നബിﷺ പ്രഖ്യാപിച്ച സാഹചര്യം കൂടി നാം വിലയിരുത്തുമ്പോഴാണ് അതിന്റെ വീര്യവും വലിപ്പവും വിപ്ലവാത്മകതയും ബോധ്യപ്പെടുക. പെൺകുട്ടി ജനിക്കുന്നതിനെ അപമാനമായിക്കണ്ട് അവളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നവരുണ്ടായിരുന്ന ഒരു സമൂഹത്തിനിടയിലാണ് മുഹമ്മദ് നബിﷺ ഈ ധീരമായ പ്രഖ്യാപനം നടത്തിയത്!

കുഞ്ഞ് പിറന്നാൽ നാം നിർവഹിക്കേണ്ട ചില മര്യാദകളും ആചാരങ്ങളുമുണ്ട്. ആദ്യമായി സന്താനത്തെ നൽകിയതിന് റബ്ബിനെ സ്തുതിക്കുകയും നന്ദി പ്രകടിപ്പിക്കുകയും ചെയ്യുക. ശേഷം മറ്റു മര്യാദകൾ പാലിക്കുക.

### 1. ചെവിയിൽ ബാങ്ക് വിളിക്കൽ

ആൺകുട്ടിയാണെങ്കിലും പെൺകുട്ടിയാണെങ്കിലും നവജാത ശിശുവിന്റെ ചെവിയിൽ ഏകദൈവാരാധനയുടെ വിളംബരമായ ബാങ്കിന്റെ വചനങ്ങൾ ഉരുവിടുന്നത് നല്ലതാണ്. പ്രസ്തുത വിഷയത്തിൽ ഉദ്ധരിക്കപ്പെടുന്ന ഹദീഥിന്റെ പ്രബലതയിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും സച്ചരിതരായ മുൻഗാമികൾ അംഗീകരിച്ച ഒന്നാണിത്.

ശൈഖ് ഉഥൈമീൻ(റഹി) പറഞ്ഞു: 'നവജാതശിശു ആദ്യമായി കേൾക്കേണ്ടത് ബാങ്കിന്റെ വചനങ്ങളാണെന്നുണ്ട്. എന്നാൽ ആദ്യസമയത്തൊന്നും അതിന് സാധിച്ചില്ലെങ്കിൽ പിന്നീട് അത് ചെയ്യേണ്ടതില്ല. എന്നാൽ ഇക്വാമത്ത് കൊടുക്കുന്നതിന് രേഖകളില്ല.'

### 2. സന്തോഷം പ്രകടിപ്പിക്കൽ

കുട്ടി ജനിച്ചതിന്റെ പേരിലുള്ള സന്തോഷം കാരണം മിഠായി അല്ലെങ്കിൽ മധുര പലഹാരങ്ങൾ വിതരണം ചെയ്യുന്ന രീതി ആളുകൾക്കിടയിൽ കാണാറുണ്ട്. അത് പ്രത്യേക സുന്നത്തുള്ള കാര്യമല്ലെങ്കിൽ കൂടി എതിർക്കപ്പെടേണ്ട തെറ്റല്ല. എന്നാൽ വർഷാവർഷം ജന്മ ദിനത്തിൽ മധുരപലഹാരങ്ങൾ നൽകി 'ബർത്ത് ഡെ' ആഘോഷിക്കൽ അനിസ്‌ലാമിക സംസ്‌കാരങ്ങളുടെ ഭാഗമാണ്. അതിനാൽ അത് ഒഴിവാക്കപ്പെടേണ്ടതാണ്.

### 3. 'തഹ്‌നീക്ക്' (മധുരംനൽകൽ)

സ്വഹാബികൾക്ക് കുട്ടികൾ ജനിച്ചാൽ അവർ ആ കുട്ടികളെ നബിﷺയുടെ അടുക്കൽ കൊണ്ടുപോവുകയും നബിﷺ പഴുത്ത ഈത്തപ്പഴം വായിലിട്ട് ചവച്ച് ആ കുട്ടിയുടെ നാവിൽ വെച്ചുകൊടുക്കുകയും ചെയ്യുമായിരുന്നു. ഇതിനാണ് 'തഹ്‌നീക്ക്' എന്ന് പറയുന്നത്. എന്നാൽ പണ്ഡിതന്മാരിലൊരു വിഭാഗം ഇത് നബിﷺയ്ക്ക് മാത്രമുള്ള സവിശേഷതയാണെന്നാണ് അഭിപ്രായപ്പെടുന്നത്. മറ്റൊരു വിഭാഗം ഈത്തപ്പഴത്തിന്റെ മഹത്ത്വവും മർയം ബീവി ഗർഭിണിയായി പ്രസവിക്കാനടുത്ത സമയത്ത് അല്ലാഹു ഈത്തപ്പഴം നൽകിയതും ക്വുർആൻ വിവരിച്ചതിന്റെ വ്യാപകാർഥവും പരിഗണിച്ചുകൊണ്ട് നബിﷺയ്ക്ക് മാത്രമുള്ളതല്ലായെന്നും അഭിപ്രായപ്പെടുന്നു. മധുരം തൊട്ടുകൊടുക്കുന്ന വ്യക്തിയിൽ നിന്ന് പ്രത്യേകം അനുഗ്രഹങ്ങൾ പ്രതീക്ഷിച്ചുകൊണ്ടും ദിവ്യത്വമാരോപിച്ചുകൊണ്ടുമാണെങ്കിൽ അത് പാടില്ലാത്തതാകുന്നു. എന്നാൽ അത്തരത്തിലുള്ള വിശ്വാസങ്ങളൊന്നുമില്ലാതെ കേവലം ഒരു ആചാരമായി അതുചെയ്യുന്നതിന് വിരോധമില്ല എന്നുമാണ് മനസ്സിലാകുന്നത്.

### 4. പേരിടൽ

കുട്ടി ജനിച്ച അന്നുതന്നെ പേര് വിളിക്കലാണ് ഉത്തമം. അതിനായി നല്ല പേരുകൾ കണ്ടെത്തി കരുതിവെക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

ഇമാം ബൈഹക്വി‌ؒ പറയുന്നു: 'കുട്ടി ജനിക്കുന്ന സന്ദർഭത്തിൽ തന്നെ പേരുവിളിക്കലാണ് ഏഴാം ദിവസം പേരുവിളിക്കണമെന്നതിനെക്കാൾ പ്രബലം' (ഫത്ഹുൽ ബാരി 9/589). സ്വഹീഹുൽ ബുഖാരിയിൽ 'കുട്ടി ജനിച്ച ദിവസം പേരുവിളിക്കൽ' എന്നൊരു അധ്യായം തന്നെ കൊടുക്കുന്നുണ്ട്.

പേരുവിളിക്കുമ്പോൾ നല്ല അർഥമുൾകൊള്ളുന്നതും ഇസ്‌ലാമിന്റെ ആദർശത്തെ ധ്വനിപ്പിക്കുന്നതുമാവാൻ ശ്രദ്ധിക്കണം. അല്ലാഹുവിന്റെ ദാസൻ എന്നർഥം വരുന്ന അബ്ദുല്ലാഹ്, അബ്ദുറഹ്മാൻ എന്നീ പേരുകളാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടമെന്ന് നബിﷺ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ പേരിനോട് ചേർത്ത് അടിമ/ദാസൻ എന്നർഥം വരുന്ന അബ്ദ് ചേർത്ത് വിളിക്കുന്ന ഏത് പേരുകളും (ഉദാ: അബ്ദുറഹീം, അബ്ദുൽ കരീം, അബ്ദുൽ അസീസ്... തുടങ്ങിയവ) ഈ പരിധിയിൽ വരുമെന്നാണ് പണ്ഡിതാഭിപ്രായം.

മോശമായ പേരുകൾ നബിﷺ തിരുത്തിയ പല സംഭവങ്ങളുമുണ്ടായിട്ടുണ്ട്. ആധുനികതയുടെയും ഫാഷനുകളുടെയും പേരിൽ പുതിയ പേരുകൾ നിർമിക്കുമ്പോൾ ഇസ്‌ലാമിക വിശ്വാസം ആദർശങ്ങൾക്ക് എതിരാകാതിരിക്കാനെങ്കിലും പ്രത്യേകം ശ്രദ്ധിക്കണം. പേരും വിളിക്കപ്പെടുന്ന വ്യക്തിയും തമ്മിൽ പ്രത്യേകമായ ബന്ധവും സ്വാധീനവുമുണ്ട് എന്ന കാര്യം വിസ്മരിക്കരുത്.

വി.ടി അബ്ദുസ്സലാം
salamvtkrp@gmail.com



# ആരവമൊഴിഞ്ഞ വിദ്യാലയങ്ങൾ

ജൂൺ ഒന്നു മുതൽ ഓൺലൈൻ ക്ലാസ്സുകൾ തുടങ്ങും എന്നു കേട്ടപ്പോൾ എന്തോ ഒരു നിർവികാരതയാണ് തോന്നിയത്. ഓർമകളിൽ ഓടിമറഞ്ഞ സ്കൂൾ കാലം ഓളമിട്ടു. വിശേഷിച്ച് ഓരോ അവധിക്കാലത്തിനും വിരാമമിട്ട് വരുന്ന സ്കൂൾ തുറപ്പുകൾ. സ്ലേറ്റും പെൻസിലും കയ്യിലൊതുക്കി നെഞ്ചിൽ ചേർത്തുപിടിച്ച്, കീശയിൽ ഉമ്മ തന്ന മഷിത്തണ്ടുവച്ച് ബെഞ്ചിലിരുന്ന് ഒന്നിൽ നിന്നും തുടങ്ങി പത്തിലേക്ക് മഴ പെയ്തു കയറിയ സ്കൂൾ അധ്യയന വർഷങ്ങൾ...

ഇന്നും ഓർമയിൽ മായാതെ നിൽക്കുന്നു ആ പുതുമയേറിയ ബഹളമയമായ അന്തരീക്ഷങ്ങൾ. അവധിക്കാലത്തിന്റെ ആലസ്യത്തിൽനിന്നും ക്ലാസ്സ്മുറികളുടെയും സ്കൂൾ വരാന്തകളുടെയും കളിമുറ്റങ്ങളുടെയും ആരവങ്ങളിലേക്ക് ആവേശത്തോടെ ഓടിച്ചെന്നിരുന്ന കാലം. പൂവാക പൂത്തു വീണ വഴികൾ. മൺസൂൺ മേഘങ്ങൾ മാനംമൂടി ഇരുണ്ട നേരങ്ങൾ. ചളി തെറിപ്പിച്ച് നടക്കാറുള്ള ഇടവഴികൾ. നനയാൻ കാത്തുനിന്ന ബേഗും ബുക്കും പെന്നും പെൻസിലും... ക്ലാസ്സ്മുറികളിലിരിക്കുമ്പോൾ കയ്യകലത്തിൽ ആർത്തലച്ചു പെയ്ത മഴകൾ നോക്കിയിരുന്ന കാലം!

ഒരു പക്ഷേ, സ്കൂൾ തുറക്കുമ്പോഴായിരിക്കും കൂടുതൽ പുതുമയുടെ ഗന്ധം നമ്മൾ നുകർന്നത്. പെയ്യുന്ന മഴക്കും പുതിയ കുടക്കും കയ്യിലെ പേനക്കും പുസ്തകത്തിനും ബാഗിനും പിന്നെ ധരിച്ചയൂണിഫോമിനും ഒക്കെ എന്തു നല്ല മണമായിരുന്നു! പുതിയ ക്ലാസ്സും പുതിയപാഠങ്ങളും സഹപാഠികളും പുതിയ അധ്യാപകരും പുതിയ പുതിയ അനുഭവങ്ങളുമായി അഴകിന്റെ മഴവില്ലുകളായി നമുക്കായി പ്രത്യേകം പതിച്ചുവച്ച കാലങ്ങൾ...

അധ്യാപകവൃത്തിയിൽ കഴിഞ്ഞപ്പോഴെല്ലാം ആ പഴയ കാലത്തിന്റെ പുതിയ ചിത്രങ്ങളേറി വന്ന കുട്ടികളോടൊപ്പം അതൊക്കെ കണ്ട് ആസ്വദിച്ചു പോരാൻ കഴിഞ്ഞിരുന്നു. കാലത്തിന്റെ മാറ്റത്തിൽ ഗതകാല രീതികളിൽ ഭാവഭേദങ്ങൾ പലതും വന്നെങ്കിലും പകിട്ടുമാറാതെ സ്കൂളും കുട്ടികളും ക്ലാസ്സ് റൂമുകളും ബെല്ലും ബെഞ്ചും ഡെസ്കും അധ്യാപകരോടൊപ്പം വിശേഷങ്ങൾ പങ്കിട്ടുകൊണ്ടിരുന്നു.

സ്കൂൾ മുറ്റത്തെ വാഹന നിരകൾ, വാഹനമിറങ്ങി വരുന്ന കുട്ടികൾ, പുതുമോടിയോടെ വന്ന കുഞ്ഞു നവാഗതരുടെ കൂട്ടക്കരച്ചിലുകൾ, സാന്ത്വനമായി ടീച്ചർമാരും ആയമാരും, തൂക്കിയിട്ട വർണത്തോരണങ്ങൾ, ബലൂണുകൾ, പുതിയ പാഠവർഷത്തിന്റെ ആദ്യ മണിമുഴങ്ങുന്നതോടെ പ്രാർഥനാഗീതം, ഹാജർ പട്ടികയുമായി ക്ലാസ്സിലേക്ക് ധൃതിയാൽ പോകുന്ന ടീച്ചർമാർ... പിന്നെ സ്കൂൾ വിടുംവരെ ഒരു ലോകമാണ്. ഓരോ ക്ലാസ്സും കയറിയിറങ്ങിത്തീരുമ്പോൾ അറിവു പകർന്നുനൽകിയതിന്റെ ചാരിതാർഥ്യത്തിൽ അലിഞ്ഞുപോയ സമയങ്ങൾ...

'സാറേ... ന്റെ പേന കാണാനില്ല.'
'ഞാൻ ബുക്ക് കൊണ്ടന്നില്ല.'
'ഓളിന്നെ നുള്ളി... മാന്തി.'
'ഇൻക്കിരിക്കാൻ സ്ഥലല്ലാ.'

അങ്ങനെ ദിനവും കേൾക്കുന്ന രസമുള്ള കുഞ്ഞുകുഞ്ഞു പരാതികളും പരിഭവങ്ങളും, സാറേന്നു വിളിച്ച് കൈപിടിച്ച് കൂടെ നടന്നുവരുന്ന കുട്ടികളുടെ സ്നേഹ സ്പർശങ്ങൾ, കഥ കേൾക്കുമ്പോൾ കണ്ണോട് കണ്ണ് നോക്കി നിൽക്കുന്ന കുഞ്ഞുമണിക്കുടങ്ങൾ...

എല്ലാം ഓർമയിലേക്ക് മാറുകയാണോ? കാലം മാറുകയാണ്, കൂടെ നമ്മളും മാറണമല്ലോ! കൂടെയില്ലെന്നു പറയാനാവില്ല. അകലം പാലിച്ചു പഠിക്കേണ്ട കാലമാണ്. ഇനി എല്ലാം ഓൺലൈനിൽ മാത്രമാവുമോ? സ്കൂളുകളിൽ ഇനി വൈകാരിക ഭാവങ്ങൾക്കും അനുഭവങ്ങൾക്കും ഇടമില്ലാതാകുമോ?

സ്കൂൾ വേഗം തുറന്നാൽ മതിയായിരുന്നു എന്ന് രക്ഷിതാക്കളെക്കാൾ കുട്ടികൾ കൊതിച്ചു നിൽക്കുകയാണെന്ന് ഫോൺ ചെയ്തപ്പോൾ മനസ്സിലായി. പഴയതുപോലെ സ്കൂളുകളിൽ ഒരുമിച്ചു കൂടുവാനും പഠിപ്പിക്കുവാനും പഠിക്കുവാനും കളിക്കുവാനുമുള്ള അവസരം വളരെവേഗം കൈവരുമാറാകട്ടെ എന്ന് പ്രാർഥിക്കാം.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 64, ഭാഗം: 2

# തഗാബുൻ (നഷ്ടം വെളിപ്പെടൽ)

(മദീനയിൽ അവതരിച്ചത്)

ذَٰلِكَ بِأَنَّهُۥ كَانَت تَّأۡتِيهِمۡ رُسُلُهُم بِٱلۡبَيِّنَٰتِ
فَقَالُوٓاْ أَبَشَرٞ يَهۡدُونَنَا فَكَفَرُواْ وَتَوَلَّواْۚ وَّٱسۡتَغۡنَى
ٱللَّهُۚ وَٱللَّهُ غَنِيٌّ حَمِيدٞ ٦ زَعَمَ ٱلَّذِينَ كَفَرُوٓاْ أَن
لَّن يُبۡعَثُواْۚ قُلۡ بَلَىٰ وَرَبِّي لَتُبۡعَثُنَّ ثُمَّ لَتُنَبَّؤُنَّ بِمَا عَمِلۡتُمۡۚ
وَذَٰلِكَ عَلَى ٱللَّهِ يَسِيرٞ ٧ فَـَٔامِنُواْ بِٱللَّهِ وَرَسُولِهِۦ
وَٱلنُّورِ ٱلَّذِيٓ أَنزَلۡنَاۚ وَٱللَّهُ بِمَا تَعۡمَلُونَ خَبِيرٞ

6. അതെന്തുകൊണ്ടെന്നാൽ അവരിലേക്കുള്ള ദൂതൻമാർ വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുക്കൽ ചെല്ലാറുണ്ടായിരുന്നു. അപ്പോൾ അവർ പറഞ്ഞു: ഒരു മനുഷ്യൻ നമുക്ക് മാർഗദർശനം നൽകുകയോ? അങ്ങനെ അവർ അവിശ്വസിക്കുകയും പിന്തിരിഞ്ഞുകളയുകയും ചെയ്തു. അല്ലാഹു സ്വയം പര്യാപ്തനായിരിക്കുന്നു. അല്ലാഹു പരാശ്രയമുക്തനും സ്തുത്യർഹനുമാകുന്നു.

7. തങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയില്ലെന്ന് ആ അവിശ്വാസികൾ ജൽപിച്ചു.(നബിയേ,)പറയുക: അതെ; എന്റെ രക്ഷിതാവിനെ തന്നെയാണ, നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും. പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി നിങ്ങൾക്ക് വിവരമറിയിക്കപ്പെടുകയും ചെയ്യും. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു.

8. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും നാം അവതരിപ്പിച്ച പ്രകാശത്തിലും വിശ്വസിച്ചുകൊള്ളുക. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാണ്.

يَوۡمَ يَجۡمَعُكُمۡ لِيَوۡمِ ٱلۡجَمۡعِۖ ذَٰلِكَ يَوۡمُ ٱلتَّغَابُنِۗ وَمَن يُؤۡمِنۢ بِٱللَّهِ وَيَعۡمَلۡ صَٰلِحٗا يُكَفِّرۡ عَنۡهُ سَيِّـَٔاتِهِۦ وَيُدۡخِلۡهُ جَنَّٰتٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ خَٰلِدِينَ فِيهَآ أَبَدٗاۚ ذَٰلِكَ ٱلۡفَوۡزُ ٱلۡعَظِيمُ ٩

9. ആ സമ്മേളനദിനത്തിന് നിങ്ങളെ അവൻ ഒരുമിച്ചുകൂട്ടുന്ന ദിവസം (ശ്രദ്ധേയമാകുന്നു). അതാണ് നഷ്ടം വെളിപ്പെടുന്ന ദിവസം. ആർ അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്യുന്നുവോ അവന്റെ പാപങ്ങൾ അല്ലാഹു മായ്ച്ചുകളയുകയും താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവനെ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. അതിൽ (സ്വർഗത്തിൽ) അവർ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം.

6). തുടർന്ന് ശിക്ഷയുടെ കാരണം വ്യക്തമാക്കുകയാണ്. (അതെന്തുകൊണ്ടെന്നാൽ) അവർക്ക് വന്ന നാശവും ശിക്ഷയും. (എന്തുകൊണ്ടെന്നാൽ അവരിലേക്കുള്ള ദൂതന്മാർ വ്യക്തമായ ദൃഷ്ടാന്തവും കൊണ്ട് അവരുടെ അടുക്കൽ ചെല്ലാറുണ്ടായിരുന്നു). സത്യവും അസത്യവും ഏതെന്നതിനുള്ള വ്യക്തമായ വചനങ്ങളുമായി. അവർ വെറുപ്പ് പ്രകടിപ്പിക്കുകയും ദൂതന്മാരോട് അഹങ്കാരം നടിക്കുകയും ചെയ്തു. (അപ്പോൾ അവർ പറഞ്ഞു: ഒരു മനുഷ്യൻ നമുക്ക് മാർഗദർശനം നൽകുകയോ) അതായത് അവർക്ക് നമ്മെക്കാൾ ഒരു ശ്രേഷ്ഠതയും തന്നെയില്ല. എന്തു കാര്യത്തിനാണ് അല്ലാഹു അവരെ നമ്മെക്കാൾ പ്രത്യേകമാക്കുന്നത്? മറ്റൊരു വചനത്തിൽ അല്ലാഹു പറയുന്നു:

قَالَتۡ لَهُمۡ رُسُلُهُمۡ إِن نَّحۡنُ إِلَّا بَشَرٞ مِّثۡلُكُمۡ وَلَٰكِنَّ ٱللَّهَ يَمُنُّ عَلَىٰ مَن يَشَآءُ مِنۡ عِبَادِهِۦۖ

“അവരോട് അവരിലേക്കുള്ള ദൈവദൂതന്മാർ പറഞ്ഞു: ഞങ്ങൾ നിങ്ങളെപ്പോലെയുള്ള മനുഷ്യന്മാർ തന്നെയാണ്. എങ്കിലും അല്ലാഹു തന്റെ ദാസന്മാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവരോട് ഔദാര്യം കാണിക്കുന്നു” (14:71).

മനുഷ്യർക്ക് ദൂതന്മാരാവുക എന്ന പ്രവാചകന്മാർക്ക് നൽകിയ അനുഗ്രഹം അവർക്ക് ഉൾക്കൊള്ളാനായില്ല. അവർക്ക് കീഴടങ്ങാൻ അവർ അഹങ്കരിച്ചു. മരങ്ങൾ, കല്ലുകൾ മുതാലയവയെ ആരാധിക്കൽ മൂലം അവരെ പരീക്ഷിച്ചു. (അങ്ങനെ അവർ അവിശ്വസിക്കുകയും ചെയ്തു) അല്ലാഹുവിൽ. (പിന്തിരിഞ്ഞ് കളയുകയും ചെയ്തു) അവനെ അനുസരിക്കുന്നതിൽ നിന്ന്. (അല്ലാഹു സ്വയം പര്യാപ്തനായിരിക്കുന്നു) അവരിൽനിന്ന് അവരുടെ കാര്യം അവനെ ബാധിക്കില്ല. അവരുടെ വഴികേട് അവനൊരു ദോഷവും വരുത്തുകയും ചെയ്യില്ല. (അല്ലാഹു പരാശ്രയമുക്തനും സ്തുത്യർഹനുമാകുന്നു) അവൻ ഐശ്വര്യവാനാണ്. എല്ലാ വിധത്തിലും നിരുപാധികവും സമ്പൂർണവുമായ ഐശ്വര്യം. അവൻ അവന്റെ വാക്കിലും പ്രവർത്തിയിലും വിശേഷണങ്ങളിലുമെല്ലാം സ്തുതിക്കർഹനാണ്.

7). സത്യനിഷേധികളുടെ ധിക്കാരത്തെക്കുറിച്ചും നിരർഥകമായ അവരുടെ വാദങ്ങളെക്കുറിച്ചും യാതൊരു അറിവോ മാർഗ ദർശനമോ വെളിച്ചം നൽകുന്ന ഗ്രന്ഥമോ ഇല്ലാതെ ഉയിർത്തെഴുന്നേൽപിനെ നിഷേധിക്കന്നതിനെക്കുറിച്ചും. തുടർന്ന് അല്ലാഹു പറയുന്നു: സൃഷ്ടികളിൽ ശ്രേഷ്ഠനായ തന്റെ ദൂതനോട് തന്റെ രക്ഷിതാവിൽ സത്യം ചെയ്ത് പറയാൻ അല്ലാഹു നിർദേശിക്കുന്നു. അവർ ഉയിർത്തെഴുന്നേൽക്കുമെന്നും അവരുടെ ദുഷ്പ്രവർത്തനങ്ങൾക്കും സത്യത്തെ നിഷേധിക്കുന്നതിനും പ്രതിഫലം നൽകുമെന്നും ഉറപ്പിച്ചുപറയാൻ. (അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു). അതെത്ര പ്രയാസകരമാണെങ്കിലും. മനുഷ്യരെ സംബന്ധിച്ചിടത്തോളം അവർക്കത് സാധ്യമല്ല. കാരണം അവരെല്ലാവരും ഒരുമിച്ചു ചേർന്നാലും മരണപ്പെട്ട ഒരാളെ ജീവിപ്പിക്കാൻ അവരുടെ ശക്തിക്ക് കഴിയില്ല. എന്നാൽ അല്ലാഹു ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാവൂ എന്ന് പറഞ്ഞാൽ അതുണ്ടാകുന്നു.

وَنُفِخَ فِي ٱلصُّورِ فَصَعِقَ مَن فِي ٱلسَّمَٰوَٰتِ وَمَن فِي ٱلۡأَرۡضِ إِلَّا مَن شَآءَ ٱللَّهُۖ ثُمَّ نُفِخَ فِيهِ أُخۡرَىٰ فَإِذَا هُمۡ قِيَامٞ يَنظُرُونَ ٦٨



"കാഹളത്തിൽ ഊതപ്പെടും, അപ്പോൾ ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും ചലനമറ്റവരായിത്തീരും. അല്ലാഹു ഉദ്ദേശിച്ചവരൊഴികെ. പിന്നീട് അതിൽ (കാഹളത്തിൽ) മറ്റൊരിക്കൽ ഊതപ്പെടും. അപ്പോഴതാ അവർ എഴുന്നേറ്റ് നോക്കുന്നു" (39:68).

8). അല്ലാഹുവിലും അവന്റെ വചനങ്ങളിലും അവിശ്വസിക്കുന്നവർ ഉയിർത്തെഴുന്നേൽപിനെ നിഷേധിച്ചവർ തന്നെയാണ്. ഈ നിഷേധത്തെക്കുറിച്ച് പരാമർശിച്ചപ്പോൾ തന്നെ അവരെ ദൗർഭാഗ്യത്തിൽ നിന്നും നാശത്തിൽ നിന്നും സുരക്ഷിതമാക്കുന്ന കാര്യവും അല്ലാഹു നിർദേശിക്കുന്നു. അത് അവനിലും അവന്റെ ദൂതനിലും വേദഗ്രന്ഥത്തിലും വിശ്വസിക്കലാണ്. ആ വിശ്വാസത്തെ അല്ലാഹു വെളിച്ചമെന്നാണ് വിശേഷിപ്പിച്ചത്. കാരണം വെളിച്ചം ഇരുട്ടിന്റെ വിപരീതമാണ്. അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ ഇറക്കിയിട്ടുള്ള മതവിധികളും നിയമങ്ങളും വിവരങ്ങളുമെല്ലാം വഴികാണാത്ത അജ്ഞതയിൽ നിന്നും ഇരുട്ടുകളിൽ നിന്നും വഴി കണ്ടെത്താൻ ഉതകുന്ന പ്രകാശങ്ങളാണ്. കറുത്ത രാത്രിയുടെ ഇരുട്ടിൽ അതുപയോഗിച്ച് നടന്നുനീങ്ങും. എന്നാൽ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്നല്ലാതെ കണ്ടെത്തപ്പെടുന്ന വഴികളാകട്ടെ, ഉപകാരത്തെക്കാൾ ഉപദ്രവകരമായ അറിവുകളാണ്. അതിൽ നന്മയെക്കാൾ തിന്മയാണുള്ളത്. അല്ല, അതിൽ നന്മയോ പ്രയോജനമോ ഇല്ല തന്നെ, അത് പ്രവാചകന്മാർ കൊണ്ടുവന്നതിനോട് യോജിക്കുന്നുവെങ്കിലല്ലാതെ. അല്ലാഹുവിലും അവന്റെ ദൂതനിലും വേദഗ്രന്ഥത്തിലുമുള്ള വിശ്വാസം പൂർണമായ ഉറപ്പും സത്യസന്ധമായ ബോധ്യവും ഉണ്ടാക്കുന്നു. ആ ബോധ്യമാവട്ടെ, വിരോധങ്ങൾ ഉപേക്ഷിക്കുന്ന, കൽപനകൾ സ്വീകരിക്കുന്ന അവസ്ഥ ഉണ്ടാക്കുന്നു. (അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാണ്) അപ്പോൾ അവൻ നിങ്ങളുടെ നല്ലതും ചീത്തയുമായ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകുന്നു.

9). പൂർവികരെയും പിൽക്കാലക്കാരെയും അല്ലാഹു ഒരുമിച്ചുകൂട്ടുന്ന ആ സമ്മേളന ദിവസത്തെ നിങ്ങൾ ഓർക്കുക. ഭീകരവും ഭയാനകവുമായ ഒരു നിറുത്തം അവരവിടെ നിൽക്കും. അവർ പ്രവർത്തിച്ചതിനെക്കുറിച്ച് അവർക്ക് പറഞ്ഞുകൊടുക്കും. അന്നേരം മനുഷ്യർക്കിടയിൽ വേർതിരിവ് പ്രകടമാകും. നഷ്ടം വെളിപ്പെടും. എല്ലാവിധ ആഗ്രഹങ്ങളും ആസ്വാദനങ്ങളും ഉൾക്കൊള്ളുന്ന ഉന്നതമായ ഭവനങ്ങളിൽ, മണിമാളികകളിൽ ഇല്ലിയ്യൂനിന്റെ ഉന്നതികളിലേക്ക് ചിലർ ഉയർത്തപ്പെടും. കഠിന ശിക്ഷയുടെയും ദുഃഖത്തിന്റെയും മനോവിഷമത്തിന്റെയും സ്ഥാനമായ അധമസ്ഥാനത്തേക്ക് ചിലർ താഴ്ത്തപ്പെടും.

ഇതൊക്കെ അവർ അവർക്കു വേണ്ടി ചെയ്തുവെച്ചതിന്റെ, ജീവിതകാലത്ത് ചെയ്തതിന്റെ ഫലമാണ്. അതുകൊണ്ടാണ് 'നഷ്ടം വെളിപ്പെടുന്ന ദിവസം' എന്നു പറഞ്ഞത്. അതായത് ആ ദിനത്തിൽ ലാഭനഷ്ടങ്ങളും ഏറ്റ വ്യത്യാസങ്ങളും സൃഷ്ടികൾക്കിടയിൽ വെളിവാകും. അധർമകാരികളെ വിശ്വാസികൾ അന്ന് അതിജയിക്കും. കുറ്റവാളികൾ ഒന്നുമല്ലെന്ന് അവർക്ക് മനസ്സിലാകും. തീർച്ചയായും അവർ തന്നെയാണ് നഷ്ടക്കാർ. ഇവിടെ ഒരു ചോദ്യം ഉയരുന്നു; വിജയവും പരാജയവും ശിക്ഷയും രക്ഷയും നേടുന്നതെങ്ങനെ?

തുടർന്ന് അതിന്റെ കാരണങ്ങളാണ് വിശദീകരിക്കുന്നത്. (ആർ അല്ലാഹുവിൽ വിശ്വസിക്കുകയും) വിശ്വസിക്കാൻ അല്ലാഹു കൽപിച്ച മുഴുവൻ കാര്യങ്ങളും പൂർണമായി വിശ്വസിച്ച്. (സൽക്കർമം പ്രവർത്തിക്കുകയും ചെയ്യുന്നുവോ) അതായത് നിർബന്ധവും ഐച്ഛികവുമായ കാര്യങ്ങൾ, സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള കടമകൾ. (താഴ്ഭാഗത്തു കൂടി നദികളൊഴുകുന്ന സ്വർഗത്തോപ്പുകളിൽ അവനെ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്) അതിൽ മനസ്സ് ആഗ്രഹിക്കുന്നതും കണ്ണുകൾക്ക് ആനന്ദകരമായതും ആത്മാവുകൾ ഇഷ്ടപ്പെടുന്നതും ഹൃദയങ്ങൾ കൊതിക്കുന്നതുമുണ്ട്. എല്ലാ ആഗ്രഹങ്ങളുടെയും ഒടുക്കമായിരിക്കും അത്. (അതിലവർ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം).




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ലോക്ക്ഡൗൺ പിരീഡിൽ എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 7 മണിക്ക് മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും ഞായറാഴ്ച രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ആഴ്ചയും ബുധൻ രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വെച്ചാണ് മത്സരാർഥികൾ ഓൺലൈനിൽ പ്രവേശിക്കേണ്ടത്. വിജയികളുടെ വിലാസം മൊബൈൽ നമ്പർ വെച്ചാണ് കണ്ടെത്തുന്നത് എന്നതിനാൽ സ്വന്തം നമ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ഒരേ നമ്പറിൽ നിന്ന് ഒരാഴ്ചയിൽ ഒന്നിലധികം മത്സരങ്ങൾ പങ്കെടുക്കാൻ സാധ്യമാകില്ല.
- ശരിയുത്തരങ്ങൾ വ്യാഴാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- ഏറ്റവും കൂടുതൽ ശരിയുത്തരങ്ങൾ അയച്ചതിനെ ആധാരമാക്കിയാണ് ഓരോ ആഴ്ചയിലെയും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാരെ നിശ്ചയിക്കുന്നത്.
- വിജയികളുടെ പേരുകൾ വ്യാഴാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- ഓരോ മത്സരത്തിലും ലഭിച്ച മാർക്കുകൾ ഉൾപ്പെടുത്തിയാണ് ഫൈനൽ മത്സരത്തിലെ വിജയികളെ തെരഞ്ഞെടുക്കുന്നത്. ഫൈനൽ പോയിന്റിൽ തുല്യത പാലിച്ചാൽ തുടർ മത്സരത്തിലൂടെ വിജയിയെ കണ്ടെത്തും.
- ഓരോ മത്സരത്തിലും ലഭിക്കുന്ന മാർക്കുകൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്ന പോയിന്റ് ടേബിൾ ഓൺലൈനിൽ ലഭ്യമാവും.
- മെഗാ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ സംസ്ഥാന പ്രോഗ്രാമിലായിരിക്കും വിതരണം ചെയ്യുക.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 177

**ഒന്നാം സമ്മാനം:**
Nisa Sameer, Hira God's Gift, Nayabazar, 671322, Kasaragod

**രണ്ടാം സമ്മാനം:**
Usman Uppala, Nattakkal House, Nayabazar Uppala, 671322

**മൂന്നാം സമ്മാനം:**
Hamna Shirin K, Indian Islahi Centre, Abu Dhabi

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# പുറപ്പാട്

സഖി നീ കരം പിടിച്ചെൻകൂടെ നടക്കുക
സുഖമായ് നാട്ടിലെത്താം എന്നാശ വെടിയുക
ജീവിതമൊരു നീണ്ട നാടകം, അറിയുക
ജീവിക്കാൻ പല വേഷം കെട്ടുവാൻ തുനിയുക
ജീവിത മാർഗം തേടിവന്നതാണിവിടെ നാം
ജീവനും കൊണ്ടോടുവാൻ കോവിഡ് നിമിത്തമായ്
ആയിരം കാതം താണ്ടി എത്തണം സ്വഗേഹത്തിൽ
ആയതിനായി വണ്ടിയില്ലല്ലോ വഴിയെന്ത്?
കനിയാൻ തയ്യാറില്ല ഭരിക്കും മഹാരഥർ
കനമില്ലല്ലോ കീശ, നടന്നേ പോകാവൂ നാം!
കോവിഡ് കൊടുങ്കാറ്റായ് വീശുമ്പോൾ പലവക
കോലവും കെട്ടിയാടും കാഴ്ചകൾ മറക്കുക
ഭരണച്ചെങ്കോലുകാർ രാഷ്ട്രീയം കളിക്കുമ്പോൾ
മരണച്ചുഴികളിൽ പാവങ്ങൾ ഒടുങ്ങുന്നു.
നടക്കും വഴി സഖീ, കാണുന്ന കാഴ്ച തെല്ലും
നയനം കൊതിക്കുന്നതാകില്ല സഹിക്കുക.
പാദങ്ങൾ പൊട്ടി, തൊണ്ട വരണ്ടു മരിച്ചതാം
പാവത്തിൻ ജഡം മാർഗെ കണ്ടിടാം കൺചിമ്മണം
വെയിലിൽ തളർന്നുവീണൊടുവിൽ ജീവൻപോയ
കുഞ്ഞിന്റെയച്ഛനമ്മ കരയും കാഴ്ച കാണാം
നടന്നു ക്ഷീണിച്ചവർ തളർന്നുമയങ്ങവെ
തീവണ്ടിച്ചക്രം കേറിയോരുടെ രക്തം കാണാം
ജനിച്ച നാട്ടിൽ നമ്മൾ അഭയാർഥികൾ ഇന്ന്
ജയിക്കാനില്ല മോഹം ജീവിക്കാൻ മാത്രം ദാഹം
സഖി നീ കരം പിടിച്ചെൻകൂടെ നടക്കുക
മരിച്ചു വീഴും വരെ മുറുകെ പിടിക്കും ഞാൻ.



സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കി വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം.

# നേർപഥം Online Quiz

- ശരിയുത്തരമയക്കുന്ന 1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!
- എല്ലാ ഞായറാഴ്ചയും 10 AM മുതൽ ബുധൻ 12 AM വരെ ഉത്തരമയക്കാൻ അവസരം.

zameel
the soulmate

**വിശദവിവരങ്ങൾക്ക് നേർപഥം വെബ്സൈറ്റോ സമീൽ ഓൺലൈൻ ലൈബ്രറിയോ സന്ദർശിക്കുക.**





Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 JUNE 13

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600




Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8 (boys only )**

/greenvalleycampus

+91 9061716600
greenvalleyinstitutions@gmail.com

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**